8. കേരളത്തിലെ ജനങ്ങളുടെ സുരക്ഷയിൽ എന്റെ സർക്കാരിന് അതീവ ജാഗ്രതയുണ്ട്. ഇടുക്കി ജില്ലയിലെ മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ചടത്തോളം അയൽ സംസ്ഥാനമായ തമിഴ്നാടിനാവശ്യമായ ജലം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതോടൊപ്പം കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് എല്ലാ പരിശ്രമവും നമ്മൾ നടത്തുന്നുണ്ട്. ഡാമിന്റെ സംഭരണശേഷി 136 അടിയിൽ കൂടുതലാകാൻ പാടില്ലെന്ന് നാം വിശ്വസിക്കുന്നു. കേരളത്തിലെ ജനങ്ങളുടെ ജീവന് സുരക്ഷ ഉറപ്പുവരുത്തുമ്പോൾത്തന്നെ തമിഴ്നാടിന് ജലം നൽകാൻ പ്രതിജ്ഞാബദ്ധമായതിനാൽ, ഒന്നേകാൽ നൂറ്റാണ്ടോളം പഴക്കമുള്ള നിലവിലെ ഡാമിന്റെ സ്ഥാനത്ത് ഒരു പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം കേരളം മുന്നോട്ടുവച്ചിട്ടുണ്ട്.

9. ഈ പ്രശ്നങ്ങൾക്ക് നടുവിലും നമുക്ക് സന്തോഷിക്കാൻ വകയുള്ളതും നീതി ആയോഗിന്റെ (NITI AAYOG) വിലയിരുത്തൽ പ്രകാരം സുസ്ഥിര വികസനലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ സംസ്ഥാനം തുടർച്ചയായി മൂന്നാം തവണയും എല്ലാ സംസ്ഥാനങ്ങൾക്കുമിടയിൽ ഏറ്റവും ഉയർന്ന സ്ഥാനത്തെത്തി എന്നതാണ്. ഈ വിലയിരുത്തൽ 17 ലക്ഷ്യങ്ങളും 70 ഉദ്ദിഷ്ടഫലങ്ങളും 115 സൂചകങ്ങളും ഉൾക്കൊള്ളുന്നതായിരുന്നു. സംസ്ഥാനങ്ങളെ അവയുടെ

മൊത്തത്തിലുള്ള ആരോഗ്യ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാനനിർണ്ണയം നടത്തിയ നീതി ആയോഗ് (NITI AAYOG) ആരോഗ്യ സൂചികയുടെ നാലാം പതിപ്പ് സാക്ഷ്യപ്പെടുത്തുന്ന പ്രകാരം 2021-ലെ ആരോഗ്യസൂചികയിൽ കേരളം മികച്ച പ്രകടനം നടത്തിയതായും കണ്ടെത്തിയിട്ടുണ്ട്.

10. 2021 ഡിസംബറിൽ പുറത്തുവിട്ട, നാഷണൽ മൾട്ടി ഡയമൻഷണൽ പോവർട്ടി സംബന്ധിച്ച നീതി ആയോഗ് (NITI AAYOG) ബേസ് ലൈൻ റിപ്പോർട്ട് കേരളത്തിലെ മൾട്ടി ഡയമൻഷണൽ പോവർട്ടി 0.7 ശതമാനമാണെന്ന് കാണിക്കുന്നതും അത് രാജ്യത്തെ ഏറ്റവും കുറഞ്ഞതുമാണ്. ഇത് ദരിദ്രരിലും ദരിദ്രരായവരിലേയ്ക്ക് എത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള സംസ്ഥാനത്തിന്റെ വിട്ടുവീഴ്ചയില്ലാത്ത ക്ഷേമപ്രവർത്തനത്തിന്റെ ഫലമാണ്.

11. എല്ലാവർക്കും ഭൂമിയും പാർപ്പിടവും എന്ന പ്രധാന ലക്ഷ്യത്തിനായി എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അത് വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പദ്ധതികളുടെയും വിഭവശേഷികളും പരിശ്രമങ്ങളും ഒരുമിപ്പിക്കുന്നതിലൂടെ നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. പൗരന്റെ പാർപ്പിടാവശ്യങ്ങൾ ഒരു അവകാശമായി അംഗീകരിച്ചുകൊണ്ട് പാർപ്പിട സങ്കല്പങ്ങളിൽ മാറ്റങ്ങളുൾപ്പെടുത്തി 2011-ലെ പാർപ്പിടനയം പരിഷ്കരിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

12. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിലൂടെയും ഡിജിറ്റൽ ഗവേണൻസിനുവേണ്ടിയുള്ള വിവിധ നടപടികളിലൂടെയും സാമ്പത്തികരംഗത്ത് പുനരുജ്ജീവനം എളുപ്പമാക്കുന്നതിനോടൊപ്പം ജനങ്ങൾക്ക് സേവനം പ്രദാനം ചെയ്യുന്നതിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കൂടുതൽ ആളുകളിലേയ്ക്കും പ്രദേശങ്ങളിലേയ്ക്കും എത്തിച്ചേരുന്നതും പ്രാപ്യതയും ഉറപ്പുവരുത്തുന്നതിൽ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ പ്രസക്തി കോവിഡുമൂലം നടപ്പിലാക്കിയ നിയന്ത്രണങ്ങൾ ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതും അതുകൊണ്ട് എന്റെ സർക്കാർ 2022-ൽ പൂർണ്ണമായും ഇ-ഗവേൺഡ് സംസ്ഥാനം ആകുന്നതിലേയ്ക്കായി പ്രയത്നിക്കുകയുമാണ്. 500-ൽപ്പരം സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുകയും പേമെന്റ് ഗേറ്റ്‌വേകളുൾപ്പെടെ സിംഗിൾ സൈൻ ഓൺ സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക, വിവിധ ആവശ്യങ്ങൾക്കുവേണ്ടിയുള്ള വിവിധ സാക്ഷ്യപ്പെടുത്തലുകൾ ഒഴിവാക്കുന്നതിന് ആധാർ വാൾട്ടുകളും യൂണിഫൈഡ് രജിസ്ട്രിയും കൊണ്ടുവരിക, ജനങ്ങളുടെ പ്രധാനപ്പെട്ട പ്രമാണങ്ങളും രേഖകളും ഡിജിറ്റലായി സൂക്ഷിക്കുന്നതിന് ഡിജി ലോക്കറുകളുണ്ടാക്കുക, അപേക്ഷകളുടെ പുരോഗതിയും സേവനം നൽകലും മനസ്സിലാക്കുന്നതിന് ഡാഷ് ബോർഡുകളും ഓൺലൈൻ പേഴ്സണൽ മാനേജ്മെന്റ് സംവിധാനങ്ങളും സ്ഥാപിക്കുക എന്നിവയ്ക്ക് എല്ലാ വകുപ്പുകളിലും പൊതുസ്ഥാപനങ്ങളിലും ഇ-ഓഫീസ് ഡിജിറ്റൽ

പ്ലാറ്റ്ഫോം സാർവ്വത്രികമാക്കുകയാണ്. അതുപോലെ ഡിജിറ്റൽ സേവനങ്ങൾ ബിസിനസ് അപേക്ഷകളിലേയ്ക്കും വ്യാപിപ്പിക്കുന്നു. ഈസ് ഓഫ് ബിസിനസ് ഉറപ്പുവരുത്തുന്നതിനായി എന്റെ സർക്കാർ ചെറുകിട ബിസിനസുകളുടെ കാര്യത്തിൽ സ്വയം സാക്ഷ്യപ്പെടുത്തൽ അനുവദിച്ചുകൊണ്ട് അപേക്ഷയുടെ നടപടിക്രമം ലഘൂകരിക്കുകയും ഹ്രസ്വകാലാധിഷ്ഠിത നടപടികൾ ഒഴിവാക്കുന്നതിന് കേന്ദ്രീകൃത പരിശോധനാ സമ്പ്രദായം നടപ്പിലാക്കുകയും നടപടിക്രമങ്ങളും ഫാറങ്ങളും ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്.

13. കോവിഡ്-19 മഹാമാരി, വരുമാന നഷ്ടത്തിലേയ്ക്കും അധിക ചെലവ് ബാധ്യതകളിലേയ്ക്കും നയിക്കുകയും അത് സംസ്ഥാനത്തിന്റെ കടം-ജി.ഡി.പി. അനുപാതം ഉയരുവാൻ ഇടയാക്കുകയും ചെയ്തു. മഹാമാരിയിൽനിന്നും നാം മോചനം നേടുകയും ജി.എസ്.ടി. വരുമാനമുൾപ്പെടെ സംസ്ഥാനത്തിന്റെ നികുതിപിരിവ് മെച്ചപ്പെടുകയും ചെയ്യുമ്പോൾ സാമ്പത്തികരംഗം സുസ്ഥിരമായ നിലയിലേയ്ക്കെത്തുമെന്ന് പ്രതീക്ഷിക്കുന്നു. കോവിഡുമൂലമുണ്ടായ വരുമാന നഷ്ടത്തിനുപുറമെ കേന്ദ്രം നൽകുന്ന വിഹിതത്തിലെ ഗണ്യമായ കുറവ് വരുത്തലും സംസ്ഥാനം ഇപ്പോൾ അഭിമുഖീകരിക്കുന്നു. തുടർന്നുവരുന്ന കേന്ദ്ര ധനകാര്യ കമ്മീഷനുകൾ സംസ്ഥാനങ്ങൾക്ക് വിഭജനം ചെയ്യുന്ന കേന്ദ്ര നികുതി വിഹിതത്തിൽനിന്നും സംസ്ഥാനത്തിന് നൽകുന്ന വിഹിതത്തിൽ

സ്ഥിരമായ കുറവ് വന്നിട്ടുണ്ട്. 10-ാം ധനകാര്യ കമ്മീഷന്റെ സമയത്ത് സംസ്ഥാനത്തിന്റെ വിഹിതം സംസ്ഥാനങ്ങൾക്ക് വിഭജനം ചെയ്യുന്ന കേന്ദ്ര നികുതി വിഹിതത്തിന്റെ 3.8 ശതമാനമായിരുന്നു. 14-ാം ധനകാര്യ കമ്മീഷന്റെ സമയത്ത് ഇത് 2.5 ശതമാനത്തിലേയ്ക്ക് താഴുകയും ഇപ്പോൾ 15-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് അനുവദിക്കുന്നത് 1.92 ശതമാനം മാത്രവുമാണ്. അവാർഡ് വർഷത്തിലെ ആദ്യവർഷംതന്നെ ഏകദേശം 6500 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. ഈ വർഷം ജൂണിനുശേഷം ജി.എസ്.ടി. നഷ്ടപരിഹാരം നിലവിലില്ലാതാകുന്ന സാഹചര്യത്തിൽ ഏകദേശം 10000 മുതൽ 12000 കോടി രൂപവരെ അധികമായി നമുക്ക് നഷ്ടമാകാം. വരുന്ന സാമ്പത്തികവർഷം റവന്യൂ കമ്മി നികത്തുന്നതിനുള്ള ഗ്രാന്റുകളിൽ കുത്തനെ കുറവുവരുത്താൻ പോകുകയാണ്. വിഭജനം ചെയ്യപ്പെടുന്ന നികുതി വിഹിതത്തിൽപ്പെടുന്ന പ്രത്യക്ഷ നികുതിക്ക് ഇളവ് നൽകുകയും അതിൽപ്പെടാത്ത സെസ്സിലൂടെയും സർച്ചാർജ്ജിലൂടെയും ഗണ്യമായി വരുമാനം വർദ്ധിപ്പിക്കുകയുമെന്നത് കേന്ദ്ര സർക്കാരിന്റെ രീതിയാണ്. ഇത് സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വിഭവ വിഹിതത്തിൽ ഗണ്യമായ കുറവുണ്ടാക്കുന്നുണ്ട്. ആയതിനാൽ, സംസ്ഥാനത്തിന്റെ തനതായ വരുമാനത്തിൽ വന്ന കുറവുകൊണ്ടല്ല കമ്മിയുണ്ടാകുന്നത്, മറിച്ച് സംസ്ഥാനങ്ങൾക്ക് വിഭവങ്ങൾ നൽകുന്നതിൽ കേന്ദ്ര സർക്കാർ തലത്തിൽവന്ന നയത്തിലുള്ള മാറ്റമാണ് പ്രധാനമായും സംസ്ഥാന

സർക്കാരിനെ സാമ്പത്തിക ബുദ്ധിമുട്ടുകളിലേയ്ക്ക് തള്ളിവിടുന്നത്. പ്രധാനമായും കേന്ദ്രസർക്കാരിന്റെ ധനക്കമ്മി ഏകദേശം 6 ശതമാനമായിരിക്കുമ്പോൾ സംസ്ഥാനങ്ങളുടെ കമ്മി 3 ശതമാനമായി നിയന്ത്രിക്കപ്പെടുന്നു. സംസ്ഥാനത്തിന്റെ ധനവിനിയോഗത്തിന്റെ ബാദ്ധ്യത കേന്ദ്രത്തിനേക്കാൾ വളരെ കൂടുതലായതിനാലും കോവിഡുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള പാക്കേജുകളും സഹായങ്ങളുംമൂലം ചെലവഴിക്കൽ പലമടങ്ങായി വർദ്ധിക്കുകയും ചെയ്തതിനാലും ഇത് അശാസ്ത്രീയമാണ്. സംസ്ഥാനത്തിന്റെ ദീർഘകാല ആവശ്യങ്ങൾ ഒന്നുംതന്നെ കേന്ദ്ര ബഡ്ജറ്റിൽ അനുവദിച്ചിട്ടില്ല.

14. ഇങ്ങനെയൊക്കെയായിരുന്നാലും സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥ വളർച്ച തുടരുന്നുവെന്ന് നാം ഉറപ്പാക്കും. അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്കുവേണ്ടി 20 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ സാദ്ധ്യമാക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമായിരിക്കുന്നതും എല്ലാ തദ്ദേശസ്ഥാപനങ്ങളിലും 1000 പേർക്ക് 5 തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യം അതിനുതന്നെ നൽകിയിട്ടുള്ളതുമാണ്. സാമ്പത്തിക പ്രവർത്തനങ്ങളുടെ പുനരുജ്ജീവനം, പ്രതിരോധ കുത്തിവയ്പിന്റെ ഗതിവേഗം വർദ്ധിപ്പിക്കൽ, യുക്തിപൂർവ്വമായ ധനവ്യയവും ജി.എസ്.ടി. ഉൾപ്പെടെ നികുതി വരുമാനം മെച്ചപ്പെടുത്തലും പോലുള്ള ധനപരമായ

ഏകീകരണ നടപടികൾ എന്നിവയിലൂടെ 2022-23-ൽ സംസ്ഥാനം അതിന്റെ സാമ്പത്തികവളർച്ചയിൽ ജി.എസ്.ഡി.പി.-യിൽ 10 ശതമാനത്തിലേറെ വളർച്ച കുത്തനെ നേടുമെന്ന് പ്രതീക്ഷിക്കുന്നു. കഴിഞ്ഞ വർഷം മഹാമാരിയുടെ ആഘാതം കണക്കിലെടുത്ത്, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, ക്ഷേമ ബോർഡ് പെൻഷനുകൾ, ജനസംഖ്യയിലെ വിവിധ ദുർബല വിഭാഗങ്ങൾക്കുള്ള ധനസഹായം നൽകൽ പ്രീ-മെഡിക്കൽ ചികിത്സയ്ക്ക് കൂടുതൽ ചെലവഴിക്കൽ, സൗജന്യ പലവ്യഞ്ജന കിറ്റുകൾ എന്നിവയ്ക്ക് ഉയർന്ന വിഹിതം, വിനോദസഞ്ചാരം, വ്യവസായം, പ്രവാസി കേരളീയർ മുതലായവയ്ക്കുള്ള മേഖലാ പിന്തുണ പദ്ധതി എന്നിവയിലൂടെ സാമൂഹിക സുരക്ഷാവല വിപുലീകരിക്കുന്നതിൽ ധനപരമായ ഇടം സൃഷ്ടിക്കുന്നതിന് യുക്തിസഹമാക്കൽ നടപടികൾ സംസ്ഥാനം സ്വീകരിച്ചു. കേന്ദ്രസർക്കാർ സംസ്ഥാനത്തിനായി നിശ്ചയിച്ചിട്ടുള്ള അധിക മൂലധന ചെലവിന്റെ മൊത്തം ലക്ഷ്യം കൈവരിച്ചതിലൂടെ നടപ്പ് സാമ്പത്തികവർഷം അധികമായി 0.5 ശതമാനം മൂലധന ചെലവുമായി ബന്ധപ്പെടുത്തി നൽകുന്ന അധിക വായ്പ നേടാൻ സംസ്ഥാനത്തിന് കഴിഞ്ഞുവെന്നത് പ്രശംസനീയമാണ്.

15. ഇപ്പോൾ രാജ്യത്ത് നിലനിൽക്കുന്ന സാമ്പത്തിക ദുരവസ്ഥയുടെ സാഹചര്യം കാർഷിക നിയമനിർമ്മാണങ്ങൾക്കെതിരെയുള്ള കർഷകരുടെ പ്രക്ഷോഭം തുറന്നുകാട്ടി. ഈ പ്രക്ഷോഭം

ഗ്രാമചുറ്റുപാടുകളിലും നഗര ചുറ്റുപാടുകളിലുമുള്ള തൊഴിലാളികൾക്കും കർഷകർക്കുമിടയിൽ ഒരുപോലുള്ള രൂക്ഷമായ ഇല്ലായ്മയുടെ പ്രതിഫലനവും അത് അടിയന്തരമായി ശക്തമായ ഇടപെടൽ ആവശ്യമാക്കുന്നതുമാണ്. പ്രക്ഷോഭത്തിന്റെ അനന്തരഫലത്തിന്റെയും കേന്ദ്രസർക്കാരിന്റെ പ്രതികരണത്തിന്റെയും വെളിച്ചത്തിൽ ഗ്രാമീണ കാർഷിക ദുരിതങ്ങൾ പരിഹരിക്കുന്നതിന് സമഗ്രമായ ഒരു നയം കേന്ദ്രസർക്കാർ കൊണ്ടുവരുമെന്ന് നാം പ്രതീക്ഷിക്കുന്നു.

16. കഴിഞ്ഞ ആറ് വർഷങ്ങളിൽ വ്യാവസായിക നിക്ഷേപത്തിൽ പ്രത്യക്ഷമായ വളർച്ചയ്ക്ക് കേരളം സാക്ഷ്യം വഹിച്ചു. സംസ്ഥാനത്തെ MSME സ്ഥാപനങ്ങളിൽ 48 ശതമാനത്തിനടുത്ത് (68419) സ്ഥാപിതമായത് ഇതേ കാലയളവിലാണ്. MSME മേഖലയിൽ ഏകദേശം 3,00,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. വ്യാവസായിക പ്രവർത്തനാനുമതി നൽകുന്നതിലും സംരംഭകർ പ്രവർത്തനം തുടങ്ങുന്നതിലും മാതൃകാപരമായ ഒരു മാറ്റമുണ്ടായിട്ടുണ്ട്. വ്യാവസായിക ലൈസൻസ് നൽകുന്നത് ലളിതമാക്കൽ, വ്യാവസായിക പാർക്കുകൾ പോലുള്ള വ്യാവസായികാടിസ്ഥാന സൗകര്യങ്ങൾ, സമർപ്പിത വ്യാവസായിക ഇടനാഴികൾ, സംരംഭകത്വ പരിശീലന സ്ഥാപനങ്ങൾ തുടങ്ങിയവ മെച്ചപ്പെടുത്തുകയും വികസിപ്പിക്കുകയും ചെയ്യുക എന്നിവയും വ്യാവസായിക മേഖലയിലെ പരിഷ്കരണ പ്രക്രിയയിലുൾപ്പെടുന്നു.

17. വെള്ളം, വൈദ്യുതി, വാർത്താവിനിമയം, ഗതാഗതം തുടങ്ങിയ അടിസ്ഥാന സേവനങ്ങൾക്ക് ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യം ലഭ്യമാക്കാൻ സംസ്ഥാനത്തെ ജനങ്ങളെ പ്രാപ്തരാക്കുന്നത് എന്റെ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു മേഖലയായി തുടരുകയും നൂതന പദ്ധതികൾ കണ്ടെത്തുന്നതുമാണ്. പരമ്പരാഗത ഇന്ധനാടിസ്ഥാനത്തിലുള്ള ഗതാഗതത്തെ അപേക്ഷിച്ച് ഒരു പുതിയ പരിസ്ഥിതി സൗഹൃദ ഗതാഗതരീതി പ്രദാനം ചെയ്യുന്ന പദ്ധതിയായ കെ-റെയിൽ, സഞ്ചാരത്തിന്റെ വേഗതയും സന്തോഷവും യാത്രാസുഖവും വർദ്ധിപ്പിക്കുന്നതിനോടൊപ്പം തൊഴിലും വികസനവും ഉത്തേജിപ്പിക്കുന്ന ഒരു ഹരിത സംരംഭമായിരിക്കും. ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിൽനിന്ന് എത്രയും വേഗത്തിലുള്ള അനുമതി എന്റെ സർക്കാർ പ്രതീക്ഷിക്കുന്നു.

18. സമ്പദ്‌വ്യവസ്ഥയുടെ വികസനത്തിനുള്ള ഉപകരണമെന്ന നിലയിൽ പഞ്ചവത്സര പദ്ധതി ഫലപ്രദമായി ഉപയോഗിക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമായി കേരളം തുടരുന്നു. 14-ാം പഞ്ചവത്സര പദ്ധതികൾക്കുള്ള തയ്യാറെടുപ്പുകൾ ആരംഭിച്ചിട്ടുള്ളതും വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ റിപ്പോർട്ടുകൾ അന്തിമഘട്ടത്തിലുമാണ്. 14-ാം പഞ്ചവത്സര പദ്ധതിയുടെ അപ്രോച്ച് പേപ്പർ 2022 മേയ് മാസത്തോടെ അന്തിമമാക്കും.

19. നമ്മുടെ ഭരണഘടനയുടെ അടിസ്ഥാനഘടനയുടെ

അവിഭാജ്യഘടകമാണ് ഫെഡറലിസം. സഹകരണ ഫെഡറലിസം നമ്മുടെ പൊതുവായ അഭിലഷണീയ ലക്ഷ്യമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. എന്നിരുന്നാലും അടുത്ത കാലത്ത്, സംസ്ഥാന ലിസ്റ്റിലും സമവർത്തി ലിസ്റ്റിലും ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങളിൽ കേന്ദ്രസർക്കാരിന്റെ നിയമനിർമ്മാണങ്ങൾ നടക്കുന്നുണ്ട്, അതും സംസ്ഥാനങ്ങളുമായി ഫലപ്രദമായ കൂടിയാലോചനയില്ലാതെ തന്നെ. ഇത് സഹകരണ ഫെഡറലിസത്തിന്റെ അന്തസ്സത്തയ്ക്കെതിരാണ്. ഇത് തുടരാൻ പാടില്ലെന്നാണ് എന്റെ സർക്കാരിന്റെ അഭിപ്രായം.

**എന്റെ സർക്കാരിന്റെ പ്രത്യേക മേഖലകളിലൂടനീളമുള്ള പ്രധാനപ്പെട്ട സംരംഭങ്ങളെക്കുറിച്ച് ഞാൻ ഇപ്പോൾ ചർച്ച ചെയ്യാം:**

## I. കൃഷിയും അനുബന്ധ മേഖലയും

### 1. കൃഷി

20. ആവർത്തിച്ചുള്ള പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ വിള ഇൻഷുറൻസ് പദ്ധതി ശക്തമാക്കിയിട്ടുണ്ട്. 1,26,570 കർഷകരെ പദ്ധതിയിൻകീഴിൽ ഇൻഷ്വർ ചെയ്തിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലമുള്ള വിളനാശ നഷ്ടപരിഹാരത്തിന്റെ ഭാഗമായി മൊത്തം 5,473 ലക്ഷം രൂപ 52,988 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

21. സംസ്ഥാനത്ത് പച്ചക്കറികളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള

സമയോചിതമായ വിപണി ഇടപെടലിന്റെ ഭാഗമായി കർഷകരിൽനിന്ന് നേരിട്ട് വാങ്ങിയ പച്ചക്കറികൾ സർക്കാർ പിന്തുണയുള്ള ഔട്ട്ലെറ്റുകൾ വഴി പകുതി വിപണി വിലയ്ക്ക് സംസ്ഥാനത്തുടനീളം വിതരണം ചെയ്തിട്ടുണ്ട്.

22. നെല്ല് വികസന പരിപാടിയിൻ കീഴിൽ ആകെ 77,375 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഏറ്റെടുത്തിട്ടുണ്ട്. ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി 51,933 ഹെക്ടറിൽ നടപ്പിലാക്കിയിട്ടുണ്ട്. " ഒരു കോടി ഫലവൃക്ഷത്തൈകൾ" പരിപാടിയിൻകീഴിൽ 66.37 ലക്ഷം ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. കാർഷിക യന്ത്രവൽക്കരണ ഉപദൗത്യത്തിന്റെ ഭാഗമായി ട്രാക്ടർ, ടില്ലർ, കൊയ്ത്ത് യന്ത്രങ്ങൾ, മെതി യന്ത്രങ്ങൾ, സംസ്കരണ-മൂല്യവർദ്ധിത യന്ത്രങ്ങൾ തുടങ്ങിയ യന്ത്രസാമഗ്രികൾ കർഷകർക്കും സംഘത്തിനും പരമ്പരാഗത വാടകയ്ക്ക് കൊടുക്കൽ കേന്ദ്രങ്ങൾക്കും 125.69 കോടി രൂപ ചെലവഴിച്ച് നൽകിയിട്ടുണ്ട്.

23. അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതി അതിന്റെ അഞ്ചാം വർഷവും വിജയത്തിലാണ്. ഭക്ഷ്യസുരക്ഷ, ഉപജീവനമാർഗ്ഗം, പ്രദേശത്തെ പരമ്പരാഗത കാർഷികോല്പന്നങ്ങളുടെ സംരക്ഷണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിൻ കീഴിൽ ആതിരപ്പള്ളി ട്രൈബർ വാലി കാർഷിക പദ്ധതി ആരംഭിച്ചു.

**എന്റെ സർക്കാർ 2022-23 വർഷത്തേയ്ക്കുദ്ദേശിക്കുന്ന പ്രധാന**

**പരിപാടികൾ:**

24. താഴെത്തട്ടിലുള്ള പ്രചാരണ പ്രവർത്തനങ്ങൾവഴി കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുള്ള യത്നങ്ങൾ ആരംഭിച്ചിട്ടുണ്ട്.

25. കൃഷി വകുപ്പിന്റെയും വി.എഫ്.പി.സി.കെ. (VFPCK)-യുടെയും കീഴിൽ ഇതുവരെ 50 കർഷക ഉത്പാദക സംഘടനകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരം കൂടുതൽ കർഷക ഉത്പാദക സംഘടനകൾ (FPOs) ഉടൻ രൂപീകരിക്കുന്നതാണ്.

26. കാർഷിക പ്രവർത്തനങ്ങൾക്ക് സമയബന്ധിതമായി സഹായം നൽകുന്നതിനും പ്രതിവർഷം കുറഞ്ഞത് 2 ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കുന്നതിനുമായി കൃഷിഭവൻ തലത്തിൽ കൃഷിശ്രീ സംഘങ്ങൾ സംഘടിപ്പിക്കുന്നതാണ്.

27. എന്റെ സർക്കാർ കാർഷിക വികസനത്തിനായി ഒരു കൃഷിഭൂമി അധിഷ്ഠിത ബഹുവിള സമ്പ്രദായത്തെ ഒരു അടിസ്ഥാന ഘടകമാക്കി (മൾട്ടി ക്രോപ്പിംഗ് സിസ്റ്റം) വികസിപ്പിച്ചുകൊണ്ട് വിളയെ അടിസ്ഥാനമാക്കിയുള്ള സഹായത്തിൽനിന്ന് ഒരു കൃഷിയിടത്തെ അടിസ്ഥാനമാക്കിയുള്ള മാതൃകാപരമായ മാറ്റം പ്രാവർത്തികമാക്കുന്നതിനുള്ള  പദ്ധതികൾ കൊണ്ടുവരുന്നതാണ്.

28. സംയോജിത പോഷകാഹാര ഉദ്യാനങ്ങൾ സ്ഥാപിക്കുന്നതിലൂടെ നിയമസഭാ നിയോജകമണ്ഡലം തലത്തിൽ “ തരിശുരഹിത

മണ്ഡലം" വികസനമാണ് സുസ്ഥിരമണ്ഡലം പദ്ധതിവഴി ലക്ഷ്യമിടുന്നത്.

29. സംസ്ഥാനത്ത് ജൈവ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനുള്ള ഒരു മാർഗ്ഗമായി ഹൈടെക് ഓർഗാനിക് സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുവാനുദ്ദേശിക്കുന്നുണ്ട്.

30. വിദൂര കാർഷിക വിപണികളുടെ സംയോജനം, വ്യവസ്ഥാപിത വിതരണശൃംഖല സ്വരുക്കൂട്ടൽ, വ്യാപാരം വർദ്ധിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്നിവ നേടുന്നതിന് ഓൺലൈൻ മാർക്കറ്റ് പ്ലാറ്റ്ഫോം അല്ലെങ്കിൽ ഇ-ട്രേഡിംഗ് പ്ലാറ്റ്ഫോമുകൾ ഉദ്ദേശിക്കുന്നു.

31. സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ കാർഷിക പ്രവർത്തനങ്ങളിൽ താല്പര്യം വളർത്തുക എന്ന ലക്ഷ്യത്തോടെ സർക്കാർ അഗ്രി കേഡറ്റ് കോർ പ്രോഗ്രാം ഏറ്റെടുക്കുന്നതാണ്. എന്റെ സർക്കാർ, യുവാക്കൾ, സ്ത്രീകൾ, NRIs എന്നിവരടങ്ങുന്ന കൃഷിശ്രീ ഗ്രൂപ്പുകൾകൂടി സ്ഥാപിക്കും.

32. കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളായി രൂപാന്തരപ്പെടുത്തുന്നതാണ്.

33. കർഷകർക്ക് നിലവിലെ കുറഞ്ഞ പ്രീമിയത്തിന്റെ ആനുകൂല്യം ലഭിക്കുന്ന തരത്തിലും എന്നാൽ ഇൻഷ്വറൻസ് രംഗത്തെ പ്രമുഖരിൽനിന്നും പ്രൊഫഷണൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കത്തക്കരീതിയിലുമുള്ള ഒരു പുതിയ വിള ഇൻഷ്വറൻസ് പദ്ധതി

ആസൂത്രണം ചെയ്തിട്ടുണ്ട്.

## 2. മൃഗസംരക്ഷണവും ക്ഷീരവികസനവും

34. പ്രളയ ദുരന്തം, കോവിഡ് മഹാമാരി തുടങ്ങിയ പ്രതികൂല സാഹചര്യങ്ങൾക്കിടയിലും കേരളത്തിലെ ക്ഷീരമേഖലയ്ക്ക് കഴിഞ്ഞ അഞ്ച് വർഷക്കാലങ്ങളിലും പാലുല്പാദനത്തിൽ 4 ശതമാനം എന്ന ഉയർന്ന വളർച്ചാനിരക്ക് നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട്. ക്ഷീരോല്പാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത നേടുന്നത് ഉറപ്പുവരുത്തുന്നതിലേയ്ക്കായി കേരളത്തിലെ ക്ഷീരമേഖലയെ പുനരുജ്ജീവിപ്പിക്കുകയാണ് 2022-23-ൽ എന്റെ സർക്കാർ ലക്ഷ്യമിടുന്നത്. ക്ഷീര സഹകരണസംഘങ്ങൾ വഴിയുള്ള ക്ഷീരസംഭരണം പ്രതിദിനം 23 ലക്ഷം ലിറ്ററായി വർദ്ധിപ്പിക്കാനും പദ്ധതിയുണ്ട്.

35. വംശവർദ്ധനയിൽ ജനിതക പുരോഗതി ത്വരിതപ്പെടുത്തുന്നതിന് ഉയർന്ന ബീജ പ്ലാസം ഉള്ള മികച്ച പശുക്കളെ പ്രജനനം ചെയ്യുന്നതിനുള്ള പദ്ധതി ആരംഭിക്കുന്നതാണ്.

36. കർഷകർക്ക് വാതിൽപ്പടി വെറ്ററിനറി സേവനം ലഭ്യമാക്കുന്ന സർക്കാർ നയത്തിന്റെ ഭാഗമായി, നൂതന രോഗനിർണ്ണയ-ചികിത്സാ സൗകര്യങ്ങളോടുകൂടിയ മൊബൈൽ ടെലി-വെറ്ററിനറി യൂണിറ്റുകൾ എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ളതും

ബാക്കിയുള്ള ജില്ലകളിൽ സ്ഥാപിച്ചുവരുന്നതുമാണ്.

37. 80 ശതമാനം കന്നുകാലികൾക്കും എരുമകൾക്കും കുളമ്പുരോഗത്തിനെതിരെ വാക്സിനേഷൻ നൽകാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിൽനിന്നുള്ള യാത്രക്കിടയിൽ രോഗങ്ങൾ പടരാതിരിക്കാൻ മൃഗങ്ങളെ ക്വാറന്റൈനിൽ നിർത്തുന്നതിന് ക്ഷീര സഹകരണസംഘങ്ങൾക്കുകീഴിൽ ഹേർഡ് ക്വാറന്റൈൻ കം ട്രേഡിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതാണ്.

38. ക്ഷീരോല്പാദനത്തിൽ പഞ്ചായത്തുകളെ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ 2022-23 വർഷ കാലയളവിൽ തെരഞ്ഞെടുത്ത 10 പഞ്ചായത്തുകളിൽ സ്പെഷ്യൽ ഹേർഡ് ഇൻഡക്ഷൻ പ്രോഗ്രാം, ഡയറി ഫാം യന്ത്രവൽക്കരണം-അതിയന്ത്രവൽക്കരണ പ്രോഗ്രാം എന്നിവയോടെ പാൽക്കുടം-സംയോജിത ക്ഷീരവികസന പദ്ധതി നടപ്പിലാക്കും.

39. പ്രധാന മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ സ്ത്രീ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി 2022-ൽ ഒരു പ്രത്യേക പദ്ധതി ആരംഭിക്കും. മൃഗസംരക്ഷണ വകുപ്പിന്റെ പുറംസേവന സൗകര്യങ്ങൾ ശക്തിപ്പെടുത്തി സംരഭകത്വ വികസന പരിപാടികൾ നടപ്പിലാക്കും.

40. കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (KVASU) കന്നുകാലി വളർത്തലിനും മൃഗങ്ങളിൽനിന്നും മനുഷ്യരിലേയ്ക്ക് പകരുന്ന

രോഗങ്ങളുടെ രോഗനിർണ്ണയം നടത്തുന്നതിനും പിന്തുണ നൽകുന്നതിനായി BSL-3 (ബയോ സേഫ്റ്റി ലെവൽ-3) സൗകര്യങ്ങളുള്ള 30 ലാബുകളടങ്ങിയ ഒരു റഫറൽ ഡയഗ്നോസ്റ്റിക് ലബോറട്ടറി സ്ഥാപിക്കും. സെനോ ബയോട്ടിക് അവശിഷ്ടങ്ങളും മെച്ചപ്പെട്ട മൃഗാരോഗ്യ പരിപാലനവും നിരീക്ഷിക്കുന്നതിനായി അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു കേന്ദ്രവും ക്ഷീരസംസ്കരണശേഷി വർദ്ധിപ്പിക്കുന്നതിനും ബിസിനസ് പ്രോത്സാഹനത്തിനുമുള്ള വിജ്ഞാന പാർക്കും താറാവ് ഗവേഷണ കേന്ദ്രവും കുട്ടനാട്ടിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

41. ക്ഷീരമേഖലയിലെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് തിരുവനന്തപുരം, ഓച്ചിറ, കോട്ടയം, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് എന്നിവിടങ്ങളിലെ ക്ഷീര പരിശീലന കേന്ദ്രങ്ങളെ പ്രാഥമിക ഇൻക്യുബേഷൻ സെന്ററുകളുള്ള ക്ഷീര സംരംഭകത്വ വികസന കേന്ദ്രങ്ങളായി ഉയർത്തും.

## 3. മൽസ്യബന്ധന വകുപ്പ്

42. യുണൈറ്റഡ് നേഷൻസ് ജനറൽ അസംബ്ലി, 2022 വർഷത്തെ അന്തർദ്ദേശീയ കരകൗശല മത്സ്യബന്ധനത്തിന്റെയും ജലകൃഷിയുടെയും വർഷമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഈ മേഖലയുടെ സമഗ്ര വികസനത്തിന് സർക്കാർ ഊന്നൽ നൽകുന്നതാണ്. മിതമായ വിലയ്ക്ക് ഗുണമേന്മയുള്ള മത്സ്യോല്പന്നങ്ങൾ നൽകുന്നതിനും

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും എന്റെ സർക്കാർ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതാണ്.

43. സ്ത്രീ മത്സ്യത്തൊഴിലാളികളുടെ ശാക്തീകരണത്തിന് മാതൃക മത്സ്യ വിപണന കേന്ദ്രങ്ങളും ആരോഗ്യകരമായ ഗതാഗത സൗകര്യവും ഉറപ്പാക്കുന്നതാണ്. കൂടാതെ വേലിയേറ്റ മേഖലയിൽ 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായ താമസസ്ഥലം നൽകുക എന്നുള്ളത് സർക്കാരിന്റെ പ്രധാന കാര്യപരിപാടിയായ 'പുനർഗേഹം' ലക്ഷ്യംവയ്ക്കുന്നു.

44. സംസ്ഥാനത്തെ എല്ലാ അനുയോജ്യമായ ജലാശയങ്ങളിലും മത്സ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിന് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ജലകൃഷിയിൽനിന്നുള്ള ഉല്പാദനം 34000 ടണ്ണിൽനിന്നും 70000 ടണ്ണായി ഇരട്ടിയാക്കുകയെന്ന ലക്ഷ്യത്തിൽ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

## 4. സഹകരണം

45. സഹകരണ മേഖലയിൽ സമഗ്രമായ നിയമ പരിഷ്കരണത്തിലൂടെയും ആഡിറ്റ് നിയന്ത്രണങ്ങളിലൂടെയും സഹകരണ മേഖലയിലെ പരിശോധനയിലൂടെയും കോ-ഓപ്പറേറ്റീവ് ഗവേർണൻസ് ശക്തിപ്പെടുത്തുന്നതാണ്. സഹകരണ സംഘങ്ങളുടെ സാമ്പത്തികസ്ഥിതിയും ആഡിറ്റിംഗിന്റെ നവീകരണവും അവലോകനം

ചെയ്യുന്നതിന് CAMIS (കോ-ഓപ്പറേറ്റീവ് ആഡിറ്റ് മോണിറ്ററിംഗ് ആൻഡ് ഇൻഫർമേഷൻ സിസ്റ്റം) എന്ന നിരീക്ഷണ സംവിധാനം ആരംഭിച്ചു. കോമൺ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ പ്രാവർത്തികമാക്കുന്നതിലൂടെ കേരള ബാങ്കിലെ അംഗങ്ങൾക്ക് പുതുതലമുറ ബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാക്കുന്നതാണ്.

46. സ്വകാര്യ പണമിടപാടുകാരിൽനിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിനായി കുടുംബശ്രീ യൂണിറ്റുകൾ മുഖേന സംസ്ഥാനമൊട്ടുക്കും 'മുറ്റത്തെ മുല്ല' എന്ന മൈക്രോ ഫിനാൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 4,07,796 കുടുംബശ്രീ യൂണിറ്റുകൾവഴി 1536.96 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്കും ചെറുകിട കച്ചവടക്കാർക്കുംവേണ്ടി 'സ്നേഹതീരം' എന്ന മൈക്രോ വായ്പാ പദ്ധതി ആരംഭിക്കുന്നതാണ്.

47. യുവസംരംഭകരെയും സേവന ദാതാക്കളെയും സഹകരണ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായി 30 യുവ സഹകരണ സംഘങ്ങൾ സഹകരണ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ യുവാക്കളുടെ ഉന്നമനത്തിന് എല്ലാ ജില്ലകളിലും യുവ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതാണ്.

## II. വ്യവസായവും തൊഴിലും വാണിജ്യവും

### 5. വ്യവസായം

48. എന്റെ സർക്കാർ സംസ്ഥാനത്തെ ബിസിനസ് അന്തരീക്ഷം ഊർജ്ജസ്വലമാക്കുന്നതിനും ഉത്തേജിപ്പിക്കുന്നതിനും ധാരാളം സംരംഭങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. വ്യവസായത്തിൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ നിയമനിർമ്മാണത്തിലും നടപടിക്രമങ്ങളിലും ഡിജിറ്റലായുള്ള പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. നിലവിലുള്ള സംരംഭകരുടെ പരാതികളും/ദുരിതങ്ങളും സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള ഒരു നൂതനമായ തുടക്കമാണ് സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസൽ കമ്മിറ്റി. ഈ കമ്മിറ്റിക്ക് ഒരു സിവിൽ കോടതിയുടെ അധികാരമുണ്ട്. കേന്ദ്രീകൃത പരിശോധന സംവിധാനംവഴി അനാവശ്യവും ആവർത്തിച്ചുമുള്ള പരിശോധനകൾ ഒഴിവാക്കുന്നത് ഉറപ്പാക്കുന്നു.

49. അന്വേഷണങ്ങളും പരിശോധനകളും നടത്തി അനുമതി നൽകിയിരുന്നതിൽനിന്നും മാറി സ്വയം പ്രസ്താവനയുടെ അടിസ്ഥാനത്തിൽ MSME-കൾക്ക് ആട്ടോമാറ്റിക് അംഗീകാരം നൽകുന്നത് സർക്കാരിന്റെ സമീപനത്തിലെ പ്രധാന മാറ്റമാണ്. സംസ്ഥാനത്ത് MSME-കൾ തുടങ്ങുന്നതിന് എകദേശം 11,878 അക്നോളഡ്ജ് സർട്ടിഫിക്കറ്റുകൾ (ഉടൻ അനുമതി) നൽകിയിട്ടുണ്ട്. വ്യവസായത്തിനുള്ള സ്ഥലം അനുവദിക്കുന്നതിനുള്ള ഓൺലൈൻ

സമ്പ്രദായം ഇപ്പോൾ ലഭ്യമാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പ്രോഗ്രാമിന്റെ (EoDB) കീഴിൽ ബിസിനസ് പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിൽ സംസ്ഥാനം ഗണ്യമായ പുരോഗതി നേടിയിട്ടുണ്ട്. ഇന്നവേഷൻ ഇൻഡക്സ് നീതി ആയോഗ് നടത്തിയ റാങ്കിംഗിൽ കേരളത്തിന് പത്താം സ്ഥാനവും ഇൻവെസ്റ്റ്മെന്റ് പൊട്ടെൻഷ്യൽ ഇൻഡക്സിനുകീഴിൽ നാഷണൽ കൗൺസിൽ ഫോർ അപ്ലൈഡ് ഇക്കണോമിക് റിസർച്ച് (NCAER) കേരളത്തിന് ആറാം സ്ഥാനവും നൽകിയിട്ടുണ്ട്.

50. പൊതുമേഖലാ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നയം വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. രണ്ട് കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ കോട്ടയത്തെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡും കാസർഗോട്ടെ BHEL-EML-ഉം വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡും ഈ സാമ്പത്തികവർഷം ഏറ്റെടുക്കുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ആധുനികവത്കരണവും വൈവിധ്യവത്കരണവും വിപുലീകരണവും ലക്ഷ്യംവച്ച് മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്.

51. ഇ-മാർക്കറ്റ് രൂപം നൽകുന്നതിനുവേണ്ടി ഉത്പാദകരെയും ഉപഭോക്താക്കളെയും ലോജിസ്റ്റിക് കമ്പനികളെയും ബന്ധിപ്പിക്കുന്നതിലേയ്ക്കായി ഒരു ഓൺലൈൻ പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഇതുവഴി വീടുകളിലെ ഏറ്റവും ചെറിയ സംരംഭങ്ങൾക്കുപോലും അവരുടെ

ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്താനാകും. തുടക്കക്കാർക്കും നിലവിലുള്ള സംരംഭകർക്കും അവരുടെ ബിസിനസ് വളർത്തുന്നതിന് ഭരണനിർവ്വഹണ സംരംഭകത്വ പരിശീലനം സർക്കാർ നൽകുന്നതാണ്.

**എന്റെ സർക്കാർ ഈ സാമ്പത്തികവർഷം താഴെപ്പറയുന്ന സംരംഭങ്ങളിൽ ശ്രദ്ധ പതിപ്പിക്കുന്നതാണ്:**

52. സ്വകാര്യ വ്യക്തികൾക്ക് വ്യവസായ പാർക്ക് സ്ഥാപിക്കാൻ കഴിയുന്നതരത്തിൽ ഈ വർഷം സ്വകാര്യ വ്യവസായ പാർക്ക് പദ്ധതി ആരംഭിക്കുന്നതാണ്. പാർക്കിൽ അടിസ്ഥാനസൗകര്യ വികസനത്തിന് സർക്കാർ സഹായം നൽകുന്നതാണ്.

53. ഉത്തരവാദിത്വ നിക്ഷേപങ്ങളും ഉത്തരവാദിത്വ വ്യവസായങ്ങളും (RIRI) സംസ്ഥാനത്ത് കൊണ്ടുവരുന്നതിന് ESG-യ്ക്ക് (എൻവയോൺമെന്റ് സോഷ്യൽ ഗവേണൻസ്) പ്രചോദനം നൽകുന്ന ഒരു പദ്ധതി പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നതും അതുവഴി കേരളത്തെ ഇന്ത്യയുടെ ESG ഡെസ്റ്റിനേഷൻ ആക്കാവുന്നതുമാണ്. ഇലക്ട്രോണിക് നിർമ്മാണം, ഫാർമ ഉൾപ്പെടെയുള്ള ലൈഫ് സയൻസ്, പെട്രോകെമിക്കൽ വ്യവസായം, വ്യോമയാനം, ഭക്ഷ്യ സംസ്കരണം, ഇ-മൊബിലിറ്റി, പ്രതിരോധ മേഖലകൾ എന്നിവയാണ് നിക്ഷേപങ്ങൾ ആകർഷിക്കാവുന്ന പ്രധാന മേഖലകൾ.

54. വൻതോതിലുള്ള നിക്ഷേപങ്ങൾ ആകർഷിക്കുന്നതിലേയ്ക്ക് സംയോജിത ഉത്പാദന കേന്ദ്രം (IMC) വികസിപ്പിക്കുന്നതിനായി കൊച്ചി-പാലക്കാട് വ്യാവസായിക ഇടനാഴി വികസിപ്പിക്കുന്നതിലും വകുപ്പ് ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്.

55. മെഗാ ഭക്ഷ്യ സംസ്കരണ പാർക്ക് ചേർത്തലയിലും കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്, കേരള റബ്ബർ ലിമിറ്റഡ് എന്നിവയും 2022-ൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

56. റെയിൽ, റോഡ്, വ്യോമ ഗതാഗതത്തിനായി മൾട്ടി മോഡൽ ട്രാൻസ്പോർട്ട് ഹെഡ്ഡുകളുള്ള ലോജിസ്റ്റിക് പാർക്കുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നു.

57. K-SWIFT വേർഷൻ 3.0-ൽ നിലവിലുള്ള വകുപ്പുകളുടെയും ഏജൻസികളുടെയും കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്തുകയും കൂടുതൽ വകുപ്പുകളെ/ഏജൻസികളെ ഉൾപ്പെടുത്തുകയും ചെയ്യുന്നതാണ്.

58. അമ്പലമുകളിലെ 481 ഏക്കറുള്ള കിൻഫ്ര പെട്രോ കെമിക്കൽ പാർക്കിന്റെയും കൊച്ചിയിലെ GIFT (Global Industrial Finance and Trade) സിറ്റിയുടെയും അതിവേഗ വികസനം ഏറ്റെടുക്കുന്നതാണ്. തൊടുപുഴയിൽ ഒരു സുഗന്ധവ്യഞ്ജന പാർക്ക് വികസിപ്പിക്കാനുദ്ദേശിക്കുന്നു.

59. എന്റെ സർക്കാർ 2022-23 സാമ്പത്തികവർഷത്തിൽ ഒരു

ലക്ഷത്തിലധികം സംരംഭങ്ങൾ സ്ഥാപിക്കുന്ന ഒരു വേറിട്ട പദ്ധതിക്ക് തുടക്കമിടുന്നതാണ്. R&D സ്ഥാപനങ്ങൾ വികസിപ്പിച്ചെടുത്ത നൂതന സാങ്കേതികവിദ്യകൾ നിലവിലുള്ളതും പുതിയതുമായ സംരംഭകർക്ക് ടെക്നോളജി ക്ലിനിക്കുകളിലൂടെ ലഭ്യമാക്കുന്നതാണ്.

60. നിക്ഷേപക സമൂഹത്തിന് ആത്മവിശ്വാസം പകരുന്നതിനും സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി സംഘടിപ്പിച്ചു. 100 കോടി രൂപയിലധികം നിക്ഷേപ പദ്ധതിയുള്ള പുതുനിക്ഷേപകരുമായി നേരിട്ട് സംവദിക്കുന്നതിനുവേണ്ടി 'മീറ്റ് ദി ഇൻവെസ്റ്റർ' പരിപാടി സംഘടിപ്പിച്ചു. ഈ ഉദ്യമത്തിലൂടെ 7000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം ലഭിച്ചിട്ടുണ്ട്.

61. എന്റെ സർക്കാർ പരമ്പരാഗത വ്യവസായ മേഖലയിൽ വൈവിദ്ധ്യവത്കരണവും മൂല്യവർദ്ധനവും കൊണ്ടുവരുന്നതിനായി നൂതന പദ്ധതികൾ നടപ്പിലാക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ഒരു ഇ-കോമേഴ്സ് പോർട്ടൽ ആരംഭിക്കുന്നതും സമകാലികമായ ഡിസൈനിംഗും ബ്രാൻഡിംഗും പരിചയപ്പെടുത്തുന്നതിന് പ്രൊഫഷണൽ ഡിസൈനേഴ്സിനെ നിയോഗിക്കുന്നതുമാണ്. കൈത്തറി ഉല്പന്നങ്ങളുടെ നിർമ്മാണത്തിൽ നിശ്ചിത നിലവാരം ഉറപ്പാക്കുന്നതിനും ഉല്പന്നങ്ങളെ ജനപ്രിയമാക്കുന്നതിനുംവേണ്ടി കൈത്തറി മേഖലയിൽ കേരള

കൈത്തറി ബ്രാൻഡ് അവതരിപ്പിച്ചിട്ടുണ്ട്. നെയ്ത്തുകാരുടെ അടിസ്ഥാനസൗകര്യങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിന് ബ്ലോക്ക് തലത്തിൽ ഹാൻഡ്‌ലൂം ക്ലസ്റ്ററ്റ്സ് വികസിപ്പിക്കുന്നതാണ്.

62. എഞ്ചിനീയറിംഗിനും കാർഷിക ആപ്ലിക്കേഷനുകൾക്കും വേണ്ടിയുള്ള കയർ ജിയോ ടെക്സ്റ്റൈൽസിന്റെ മൊത്തം പരിഹാര ദാതാവായി (TSB) കേരളം ഇതിനകം മാറിയിട്ടുള്ളതും കയർ ജിയോ ടെക്സ്റ്റൈൽസ് വിപണി രാജ്യത്തുടനീളം വ്യാപിപ്പിക്കുന്നതുമാണ്. ബൈൻഡർ ലെസ് കയർ ബോർഡുകൾ, നീഡിൽ ഫെൽറ്റുകൾ, കോമ്പോസിറ്റ് ബോർഡുകൾ, അകൂസ്റ്റിക് പാനലുകൾപോലുള്ള പുതിയ ഉല്പന്നങ്ങളുടെ നിർമ്മാണ പ്ലാന്റുകൾ 2022-23 കാലഘട്ടത്തിൽ പ്രവർത്തനക്ഷമമാക്കും.

63. എന്റെ സർക്കാർ സംസ്ഥാനത്ത് കശുവണ്ടി വ്യവസായത്തിന്റെ ഉന്നമനത്തിനുവേണ്ടി ശ്രമങ്ങൾ നടത്തിവരുന്നു. കശുവണ്ടി മേഖലയുടെ ആധുനികവത്കരണത്തിനും അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനും വൈവിദ്ധ്യവത്കരണത്തിനും മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതാണ്. ബ്രാൻഡ് ബിൽഡിംഗിനും ആഭ്യന്തര അന്താരാഷ്ട്ര വിപണികളിൽ വിൽപ്പന പരമാവധിയാക്കുന്നതിനും വ്യവസായത്തിന്റെ ആവശ്യങ്ങൾ നേരിടുന്നതിനുവേണ്ടിയുള്ള സംഭരണ പ്രവർത്തനങ്ങൾ ഉയർത്തുന്നതിനും കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

64. മിനറൽ കൺസഷന്റെ എല്ലാ വിശദവിവരങ്ങളും പൊതുമണ്ഡലത്തിൽ ലഭ്യമാക്കുന്നതിനും എല്ലാ സേവനങ്ങളും ഓൺലൈനായി നൽകുന്നതിനും മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് ഉദ്ദേശിക്കുന്നു. ധാതുഖനനവും അതിന്റെ ട്രാൻസ്പോർട്ടേഷനും നിരീക്ഷിക്കുന്നതിന് മികച്ച സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതാണ്.

65. നിലവിലെ സാഹചര്യത്തിൽ അപ്രസക്തമായ നിയമങ്ങൾ റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അർഹരായ പൗരന്മാർക്ക് സൗജന്യ നിയമസഹായ ലഭ്യത വ്യാപിപ്പിക്കുന്നതിനായി നിയമ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.

## 6. തൊഴിലും നൈപുണ്യവും വകുപ്പ്

66. എന്റെ സർക്കാർ, അന്തർസംസ്ഥാന തൊഴിലാളികളുൾപ്പെടെയുള്ള തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമാണ്. അസംഘടിത തൊഴിലാളികളുടെയും തൊഴിലെടുക്കുന്നവരുടെയും ദേശീയ കണക്കുകൾ എടുക്കുന്നതിനായി, ലേബർ ആൻഡ് എംപ്ലോയ്മെന്റ് മന്ത്രാലയം വികസിപ്പിച്ചെടുത്ത ഇ-ശ്രം പോർട്ടലിൽ 30,00,176 അംഗങ്ങൾ, 2021 ഡിസംബർ വരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

67. കോവിഡ്-19 മഹാമാരിയുടെ രണ്ടാംഘട്ട കാലയളവിൽ വിവിധ

ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങൾ, തോട്ടം തൊഴിലാളികൾ, അടച്ചുപൂട്ടിയ തോട്ടങ്ങളിലെ തൊഴിലാളികൾ എന്നിവർക്ക് 213.32 കോടി രൂപ എന്റെ സർക്കാർ അനുവദിച്ചിട്ടുണ്ട്.

68. ISM തൊഴിലാളികൾക്കായുള്ള ആവാസ് (AWAAZ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഇതുവരെ 5,09,865 അന്തർസംസ്ഥാന കുടിയേറ്റ തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കുടിയേറ്റ തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് അവരുടെ വാസസ്ഥലത്തിന് നിശ്ചിത നിലവാരം സർക്കാർ നിർണ്ണയിച്ചിട്ടുണ്ട്. കേരളത്തിലെ കുടിയേറ്റ തൊഴിലാളികളുടെ വിവരശേഖരണത്തിനും അവർക്ക് ആരോഗ്യ സംരക്ഷണവും മറ്റ് സൗകര്യങ്ങളും നൽകുന്നതിനുമുള്ള ഒരു ഡിജിറ്റൽ ആപ് ആണ് കേരള അതിഥി ആപ് ആൻഡ് ഗസ്റ്റ് വർക്കേഴ്സ് ഫ്രണ്ട്‌ലി റസിഡൻസ് ഇൻ കേരള (AALAY).

69. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ പ്രസവാനുകൂല്യത്തിനായി 58 കോടി രൂപ നൽകിയിട്ടുള്ളതുമാണ്.

70. കേരളത്തിൽ ജോലി ചെയ്യുന്ന ഏകരും വിവാഹിതരുമായ സ്ത്രീകൾക്ക് നല്ല ഗുണനിലവാരമുള്ളതും വൃത്തിയുള്ളതും സുരക്ഷിതവുമായ താമസസൗകര്യം സ്റ്റുഡിയോ അപ്പാർട്ടുമെന്റ് രൂപത്തിൽ

ലഭ്യമാക്കുന്നതിന് സ്റ്റുഡിയോ അപ്പാർട്ടുമെന്റ് പദ്ധതിയിൽ ലക്ഷ്യമിടുന്നു.

71. പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളുടെ സമഗ്ര ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട്, 2020-21 സാമ്പത്തികവർഷത്തിൽ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് ഡിപ്പാർട്ടുമെന്റ് ആരംഭിച്ച ഒരു പരിശീലന പരിപാടിയാണ് 'സമന്വയ' (Samanwaya). ഗോത്ര വിഭാഗങ്ങളിൽപ്പെട്ടവരും വിദൂര പ്രദേശങ്ങളിൽ താമസിക്കുന്നവരുമായ യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുവാനും 'സമന്വയ' പദ്ധതി വിഭാവനം ചെയ്യുന്നു.

72. കടകൾക്കും വാണിജ്യ സ്ഥാപനങ്ങൾക്കും വേണ്ടിയുള്ള ഗ്രേഡിംഗ് സമ്പ്രദായം, സ്ഥാപനങ്ങളെ വിലയിരുത്തുന്നതിനുവേണ്ടിയുള്ള തൊഴിൽ ശ്രേഷ്ഠാ അവാർഡ്, അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി പേഴ്സണൽ ആക്സിഡന്റ് ഡെത്ത് അഷ്വറൻസ് സ്കീം എന്നിവ നടപ്പിലാക്കും.

73. 2022-23 സാമ്പത്തികവർഷത്തിൽ പ്രവാസി ഭാരതീയർക്കും പ്രവാസി കേരളീയർക്കും (NRI/NRK) വേണ്ടി ഒരു വെർച്ചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്/ ഓൺലൈൻ പോർട്ടൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു.

## 7. വിവര സാങ്കേതിക വിദ്യ

74. ഭരണ നിർവ്വഹണത്തിൽ വർദ്ധിച്ചുവരുന്ന ഡിജിറ്റൈസേഷന്റെ ആവശ്യകത നേരിടുന്നതിൽ സംസ്ഥാന ഡാറ്റാ സെന്ററിന്റെ ശേഷി വർദ്ധിപ്പിക്കുന്നതാണ്. സ്റ്റേറ്റ് ഡാറ്റാ സെന്ററുകളിൽ (SDCs) കഴിയുന്നത്ര വേഗത്തിൽ ഹൈബ്രിഡ് ക്ലൗഡും കണ്ടെയ്നറൈസേഷൻ സാങ്കേതികവിദ്യയും നടപ്പിലാക്കും. കേരള ഡിജിറ്റൽ സർവ്വകലാശാല അതിന്റെ കാമ്പസിൽ ഒരു ഹൈബ്രിഡ് ഡാറ്റാ സെന്റർ സ്ഥാപിക്കുന്നതിന് പദ്ധതിയിടുന്നു, ആയത് ഒരു സമർപ്പിത ക്ലൗഡ് ഡാറ്റാ സെന്റർ ആണ്.

75. റോഡ് കട്ടിംഗിനും യൂട്ടിലിറ്റി ഷിഫ്റ്റിംഗിനുമായുള്ള അപേക്ഷകളുടെ ഓൺലൈൻ സമർപ്പണം സുഗമമാണെന്ന് ഉറപ്പാക്കുന്നതിന് ROW SUGAMA പോർട്ടൽ സംസ്ഥാനത്ത് വിജയകരമായി നടപ്പാക്കിയിട്ടുണ്ട്.

76. കേരളത്തിലെ ഐ.ടി. പാർക്കുകൾ (ടെക്നോ പാർക്ക്, ഇൻഫോ പാർക്ക്, സൈബർ പാർക്ക്) 950-ലധികം കമ്പനികൾ വഴി 1.1 ലക്ഷം നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു. 7.68 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള അധിക സ്ഥലത്തിന്റെ നിർമ്മാണം വരുംവർഷത്തിൽ യാഥാർത്ഥ്യമാക്കാനുള്ള ശ്രമത്തിലാണ്. തിരുവനന്തപുരത്തെ ടെക്നോസിറ്റിയിൽ ടി.സി.എസ്. എയ്റോസ്പേസ് ഹബ്ബ് പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണം 2022 ആദ്യപാദത്തിൽ ആരംഭിച്ച് 2024 പകുതിയോടെ പൂർത്തിയാക്കും.

77. കെ.എസ്.ഐ.ടി.ഐ.എൽ. (KSITIL), കെ.എസ്.ഐ.ടി.എം. (KSITM)-മായി കൂടിയാലോചിച്ച് ഒരു സ്റ്റേറ്റ് ഫാമിലി ഡാറ്റാബേസും ഒരു ബ്ലോക്ക് ചെയിൻ ബാക്ബോണും സൃഷ്ടിച്ച്, പ്രിഡിക്റ്റീവ് ഗവേർണൻസ് കേരളത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നതും അത് പൗരന്മാർക്ക് അവരുടെ നിയമപരമായ രേഖകൾ, അത്തരം രേഖകൾക്കായി ഒരിക്കലെങ്കിലും അപേക്ഷിക്കുകയോ ഒരിക്കലെങ്കിലും ഒരു സർക്കാർ ഓഫീസ് സന്ദർശിക്കുകയോ ചെയ്യാതെതന്നെ, അവരുടെ ഡിജിറ്റൽ വോൾട്ടിൽ സ്വീകരിക്കാൻ പ്രാപ്തമാക്കുന്നതുമാണ്. ഇത് കേരളത്തിലെ ഇ-ഗവേർണൻസിനെ അടുത്ത തലത്തിലേയ്ക്ക് കൊണ്ടുപോകും.

78. സ്റ്റാർട്ടപ് കമ്പനികൾക്ക് ബിസിനസ് ആൻഡ് മെന്റർഷിപ്പ് സപ്പോർട്ട് നൽകുന്നതിനായി (1) ഒരു സെൻസർ മാനുഫാക്ച്ചറിംഗ് (2) ഇന്റലിജന്റ് സെൻസർ സിസ്റ്റം ഹാർഡ്‌വെയർ ആൻഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് (3) കോംപ്രിഹെൻസീവ് കംപ്ലയൻസ് ടെസ്റ്റിംഗ് തുടങ്ങിയ അത്യാധുനിക സൗകര്യങ്ങൾ ഡിജിറ്റൽ യൂണിവേഴ്സിറ്റി സജ്ജീകരിക്കും.

79. റെസ്പോൺസിബിൾ AI ടെക്നോളജികളിലും അപേക്ഷകളിലും നയരേഖകളിലും ശേഷിവർദ്ധിപ്പിക്കുന്നതിനായി ദേശീയ/അന്തർദ്ദേശീയ സഹകരണം (ഇൻഡസ്ട്രി/അക്കാഡമിയ) ഉണ്ടാക്കുന്നതിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിൽ ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കുവാൻ

ഡിജിറ്റൽ യൂണിവേഴ്സിറ്റി പദ്ധതിയിടുന്നു.

80. 1548.08 കോടി രൂപയുടെ ചെലവ് കണക്കാക്കി അംഗീകരിച്ച KFON പദ്ധതിയുടെ ഒന്നാംഘട്ടം പ്രവർത്തനത്തിന് തയ്യാറായിട്ടുണ്ട്.

## 8. വിനോദസഞ്ചാരം

81. കോവിഡ്-19 മഹാമാരിയുടെ പ്രതികൂല ആഘാതം കേരളത്തിന്റെ വിനോദസഞ്ചാര ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള എക്കാലത്തേയും ഏറ്റവും ഉയർന്ന വിപരീത വളർച്ചയ്ക്ക് കാരണമായി. നൂതനതന്ത്രങ്ങളുമായി വിനോദസഞ്ചാരം ശക്തമായ തിരിച്ചുവരവ് നടത്തേണ്ടതുണ്ട്. വിനോദസഞ്ചാര വകുപ്പിന്റെയും ഈ വ്യവസായത്തിലെ സ്റ്റേക്ക്ഹോൾഡേഴ്സിന്റെയും സംയുക്ത ശ്രമഫലമായി ആഭ്യന്തര വിനോദസഞ്ചാരമേഖല 2021 ഏപ്രിൽ മുതൽതന്നെ ത്വരിതഗതിയിലുള്ള വീണ്ടെടുക്കലിന്റെ സൂചനകൾ കാണിക്കുകയും 2020-മായി താരതമ്യം ചെയ്യുമ്പോൾ 2021-ന്റെ ആദ്യ ഒമ്പത് മാസക്കാലയളവിൽ ആഭ്യന്തര വിനോദസഞ്ചാരമേഖലയിൽ 14 ശതമാനത്തോളം ആകെ വളർച്ചയുണ്ടാകുകയും ചെയ്തു.

82. വിനോദസഞ്ചാര കേന്ദ്രങ്ങളാക്കാൻ സാധ്യതകളുള്ള തദ്ദേശപ്രദേശങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വികസിപ്പിക്കുന്നതിനായി "ഡെസ്റ്റിനേഷൻ ചലഞ്ച്" എന്ന പദ്ധതിക്ക് എന്റെ സർക്കാർ അംഗീകാരം

നൽകിയിട്ടുണ്ട്. ഉത്തരവാദിത്വ ടൂറിസത്തിന് അതിന്റെ പുതിയ സംരംഭങ്ങൾക്കായി പിന്തുണ നൽകുന്നതാണ്.

83. എന്റെ സർക്കാർ വിനോദസഞ്ചാര വ്യവസായത്തിലെ ജീവനക്കാരേയും തൊഴിലുടമകളെയും സഹായിക്കുന്നതിനായി ഒരു റിവോൾവിംഗ് ഫണ്ടിന് അനുമതി നൽകിയിട്ടുണ്ട്. വിനോദസഞ്ചാര സംരംഭകർക്കായുള്ള മുഖ്യമന്ത്രിയുടെ കോവിഡ് ദുരിതാശ്വാസ സഹായപദ്ധതി 2022-23-ലും തുടരുന്നതാണ്.

84. ഒരു നിശ്ചിത ലക്ഷ്യസ്ഥാനം ആസ്വദിക്കുന്നതിലേയ്ക്കായി വിനോദസഞ്ചാരികൾക്ക് സുരക്ഷിതമായി തമ്പടിക്കുന്നതിനുള്ള പാർക്കുകളും രൂപമാറ്റം വരുത്തിയ വാഹനങ്ങളും ഉൾക്കൊള്ളുന്ന കാരവൻ ടൂറിസം ഉടനെ നടപ്പിലാക്കുന്നതാണ്.

## III. സാമൂഹ്യമേഖല

### 9. പിന്നാക്ക വിഭാഗ വികസന വകുപ്പ്

85. തെരുവ് കച്ചവടക്കാരുടേയും ചെറുകിട കച്ചവടക്കാരുടേയും പുനരധിവാസ/പിന്തുണ പദ്ധതിയായ 'എവേക്കനിംഗ് (ഉണർവ്')-ലൂടെയുള്ള വായ്പകൾക്ക് സബ്സിഡി, അയ്യാ വൈകുണ്ഠ ട്രെഡിഷണൽ എംപ്ലോയ്മെന്റ് ഇന്നവേഷൻ സെന്റർ, 'റിനൈസൻസ് സ്കോളർഷിപ്പ് ഫോർ ഗേൾസ്' (നവോത്ഥാന സ്കോളർഷിപ്പ്) എന്നിവ ഉദ്ദേശിക്കപ്പെടുന്ന സുപ്രധാന

പദ്ധതികളിലുൾപ്പെടുന്നു. മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾ പഠിക്കുന്നതും മാതാപിതാക്കളിൽ ഒരാളോ രണ്ടുപേരുമോ നഷ്ടപ്പെട്ടതും വാർഷിക കുടുംബവരുമാനം 2.5 ലക്ഷം രൂപയിൽ അധികരിക്കാത്തതുമായ, ഒ.ബി.സി. പെൺകുട്ടികൾക്കുള്ള 'നവോത്ഥാന്' സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതാണ്.

## 10. പട്ടികജാതി വികസനം

86. ലൈഫ് മിഷന്റെ കീഴിൽ, രണ്ടാം ഘട്ടത്തിൽ, ലക്ഷ്യമിട്ടിരുന്ന 11854 വീടുകളിൽ 9962 പുതിയ വീടുകൾ പൂർത്തീകരിക്കുകയും മൂന്നാംഘട്ടത്തിൽ ഗുണഭോക്താക്കൾക്കായി ലക്ഷ്യമിട്ടിരുന്ന 7341-ൽ 1957 പുതിയ വീടുകൾ പൂർത്തീകരിക്കുകയും ചെയ്തു. പൂർത്തിയാകാനുള്ള 6000 വീടുകൾ 2022-ൽ പൂർത്തീകരിക്കുന്നതിനുദ്ദേശിക്കുന്നു.

87. 5000 പുതിയ പഠനമുറികളുടെ നിർമ്മാണവും സ്പിൽ ഓവറായ 7000 പഠനമുറികളുടെ പൂർത്തീകരണവും 2022-23-ൽ ഉദ്ദേശിക്കപ്പെടുന്നു.

88. വിദേശത്ത് തൊഴിൽ നേടാൻ ആഗ്രഹിക്കുന്നവർക്ക് വിദേശതൊഴിൽ സബ്സിഡിയായി 1,00,000/- രൂപയുടെ സഹായം വകുപ്പ് നൽകുന്നുണ്ട്. നടപ്പുവർഷത്തിൽ, 445 ഗുണഭോക്താക്കൾക്ക് വിദേശ തൊഴിൽ സബ്സിഡി നൽകിയിട്ടുണ്ട്.

89. സംസ്ഥാനത്തെ പട്ടികജാതി ജനതയുടെ വിദ്യാഭ്യാസ-സാമ്പത്തിക-സാമൂഹിക പുരോഗതിക്കുവേണ്ടിയുള്ള ഒരു സമഗ്ര സർവ്വേയും ഡാറ്റാ ബേസിന്റെ അപ്‌ഡേഷനും നടന്നുകൊണ്ടിരിക്കുന്നു. ഡിജിറ്റൽ സർവ്വേ 2022-2023-ൽ പൂർത്തിയാക്കുന്നതാണ്.

90. 3000 ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള, തൊഴിൽ ഉറപ്പുനൽകുന്ന നൈപുണ്യ പരിശീലന പരിപാടി 2022-23-ൽ ഉദ്ദേശിച്ചിരിക്കുകയാണ്. 'Startup Dreams' സൗകര്യം തിരുവനന്തപുരത്ത് മണ്ണന്തലയിൽ അംബേദ്കർ ഭവനിൽ സ്ഥാപിതമായിട്ടുണ്ട്. പട്ടികജാതി യുവജനങ്ങളുടെ നൂതന ആശയങ്ങളും സാങ്കേതികവിദ്യാ ഉല്പന്നങ്ങളും പരിപോഷിപ്പിക്കുന്നതുവഴിയും സൗകര്യങ്ങളിലൂടെയും കാര്യശേഷി വർദ്ധിപ്പിക്കുന്ന പരിപാടികളിലൂടെയും അവരെ പിന്തുണച്ചും ഗണ്യമായ ബിസിനസുകളിലേയ്ക്ക് അവയെ വളരുന്നതിന് സഹായിച്ചും ഇത് അവർക്ക് തുണയേകും.

91. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട യുവസംരംഭകർക്ക് പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായുള്ള എംപവർമെന്റ് സൊസൈറ്റികളും ടാലന്റ് സെന്ററുകളും 2022-23-ൽ ഉദ്ദേശിച്ചിരിക്കുന്ന പുതിയ പദ്ധതികളാണ്.

92. തിരുവനന്തപുരത്തെ രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയിൽ കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ്

പരിശീലനത്തിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമ്പത്തികസഹായം നൽകുവാൻ രൂപം കൊടുത്തിട്ടുള്ളതാണ് WINGS പദ്ധതി.

## 11. പട്ടികവർഗ്ഗ വികസനം

93. സംസ്ഥാനത്തെ ഒരേയൊരു സമ്പൂർണ്ണ ഗോത്ര ഗ്രാമപഞ്ചായത്തായ ഇടമലക്കുടിക്കുവേണ്ടി ഒരു വികസന പാക്കേജ് രൂപീകരിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഇടമലക്കുടിയിൽ പാർപ്പിടം, കുടിവെള്ളം, വൈദ്യുതി, റോഡ്, ഡിജിറ്റൽ കണക്ടിവിറ്റി, വിദ്യാഭ്യാസം, ആരോഗ്യസൗകര്യങ്ങൾ എന്നിവപോലെയുള്ള അടിസ്ഥാന ആവശ്യങ്ങൾക്കായുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്നതാണ് ഈ പാക്കേജ്. 2022-23 വർഷത്തിൽ അടിസ്ഥാന പശ്ചാത്തലസൗകര്യ വികസനത്തിന് ശ്രദ്ധ നൽകപ്പെടുന്നതാണ്.

94. ഗോത്രവിഭാഗങ്ങൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി ഗോത്ര മേഖലകളിൽ പോഷകാഹാര പുനരധിവാസ കേന്ദ്രങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്. ഓരോ പോഷകാഹാര പുനരധിവാസകേന്ദ്രത്തിലും ഡോക്ടർ, ഹെൽത്ത് പ്രൊമോട്ടർ, മൊബൈൽ മെഡിക്കൽ യൂണിറ്റിലെ അംഗങ്ങൾ എന്നിവർ ഉൾപ്പെട്ടിരിക്കുന്നു.

95. എന്റെ സർക്കാർ വളരെയധികം സാധ്യതകളുള്ള അട്ടപ്പാടി, വയനാട്, ഇടുക്കി ഗോത്ര മേഖലകളിൽ ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഗോത്ര ഉല്പന്നങ്ങളുടെ പ്രചാരവും പ്രാപ്യതയും വർദ്ധിപ്പിക്കുന്നതിനായി പരമ്പരാഗത ഗോത്ര ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുവേണ്ടി ഒരു സ്ഥിരം ഓൺലൈൻ പ്ലാറ്റ്ഫോം സ്ഥാപിക്കുന്നതാണ്. ഇത് എസ്.സി./എസ്.ടി. ഫെഡറേഷൻ കൈകാര്യം ചെയ്യുന്നതാണ്.

96. കണ്ടെത്തിയ ന്യൂനതകളുടെയും ആവശ്യകതകളുടെയും അടിസ്ഥാനത്തിൽ ഓരോ ഊരിലും സൂക്ഷ്മ പദ്ധതികൾ തയ്യാറാക്കുന്നതാണ്.

## 12. ന്യൂനപക്ഷ ക്ഷേമ വകുപ്പ്

97. ന്യൂനപക്ഷങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിലും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലും കേരളം എല്ലായ്പ്പോഴും ഒരു വഴികാട്ടിയാണ്. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ നേരിടുന്ന പ്രശ്നങ്ങളിന്മേൽ ഒരു സമഗ്ര റിപ്പോർട്ട് കൊണ്ടുവരുന്നതിനായി, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ വെളിച്ചത്തിൽ, ഒരു കമ്മീഷനെ എന്റെ സർക്കാർ നിയമിക്കുകയുണ്ടായി. പഠനം പുരോഗമിക്കുകയാണ്. അതിനിടയിൽ, വിധി നടപ്പിലാക്കുന്നതിനായി എന്റെ സർക്കാർ വിജ്ഞാപനം ചെയ്യപ്പെട്ട ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 2011-ലെ സെൻസസിലെ

ന്യൂനപക്ഷ സമുദായങ്ങളുടെ പ്രാതിനിധ്യത്തിനനുസരിച്ച് മെരിറ്റ്-കം-മീൻസ് സ്കോളർഷിപ്പുകൾ അനുവദിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നയവ്യതിയാനം പ്രാബല്യത്തിലാക്കുമ്പോൾ നിലവിലുള്ള ഗുണഭോക്താക്കളുടെ എണ്ണത്തിലോ സ്കോളർഷിപ് തുകയിലോ യാതൊരു കുറവും സംഭവിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുവാൻ എന്റെ സർക്കാർ ശ്രദ്ധിച്ചിട്ടുണ്ട്.

## 13. സാമൂഹ്യനീതി വകുപ്പ്

98. രാജ്യത്ത് മുതിർന്ന പൗരന്മാരുടെ ഏറ്റവും ഉയർന്ന അനുപാതം കേരളത്തിലായതിനാൽ അവരുടെ ക്ഷേമവും പരിചരണവും ലക്ഷ്യമിട്ടുകൊണ്ടുള്ള ഇടപെടലുകൾക്കാണ് എന്റെ സർക്കാർ മുൻഗണന നൽകുന്നത്. കുടുംബത്താൽ ഉപേക്ഷിക്കപ്പെട്ട മുതിർന്ന പൗരന്മാർക്ക് അടിയന്തര വൈദ്യസഹായം, പുനരധിവാസം, പരിചാരക സഹായം, നിയമസഹായം എന്നിവ നൽകുന്നതിനായിട്ടാണ് 'വയോരക്ഷ' പദ്ധതി ആരംഭിച്ചത്. കോവിഡ് മഹാമാരിയുടെ അനന്തരപ്രശ്നങ്ങളുടെ ഭാഗമായി മുതിർന്ന പൗരന്മാരുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനായുള്ള ഒരു ന്യൂട്രീഷൻ സപ്ലിമെന്റേഷൻ പദ്ധതിയാണ് 'വയോപോഷണം'. നിഷ് (NISH), കുസാറ്റ് (CUSAT), കേരള ആരോഗ്യ സർവ്വകലാശാല എന്നിവയുമായുള്ള സാങ്കേതിക സഹകരണത്തിലൂടെ പരിചാരക പരിശീലന പരിപാടികൾ വിഭാവനം ചെയ്തുവരുന്നു.

99. വിദൂര വിദ്യാഭ്യാസം ആഗ്രഹിക്കുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് സാമ്പത്തികസഹായം നൽകുന്നത നായി "വർണ്ണം" എന്നൊരു പുതിയ പദ്ധതി എന്റെ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികളുടെ ആരോഗ്യവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിന്റെ ഭാഗമായി ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കും അനുബന്ധ ചികിത്സകൾക്കുംവേണ്ടി സൗകര്യങ്ങളൊരുക്കുവാനും പദ്ധതിയിടുന്നുണ്ട്.

100. ജയിൽമോചിതരായ ഭവനരഹിതർക്കായി "തണലിടം പ്രൊബേഷൻ ഹോം" എന്ന പേരിൽ ഒരു പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ട്. മോചിതരായ സ്ത്രീകളുടെ സാമൂഹികവും കുടുംബപരവുമായ പുനരധിവാസം ലക്ഷ്യമിട്ടുകൊണ്ട് സമാനമായ ഒരു പുനരധിവാസപദ്ധതി ആവിഷ്കരിക്കുവാനും നടപ്പിൽ വരുത്തുവാനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

101. സംസ്ഥാനത്തിന്റെ മൂന്ന് മേഖലകളിലായി സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിനുവേണ്ടി അന്താരാഷ്ട്ര നിലവാരമുള്ള മൂന്ന് "പുനരധിവാസ വില്ലേജുകൾ" സ്ഥാപിക്കുവാനുദ്ദേശിക്കുന്നു.

102. ഓട്ടിസം സ്പെക്ട്രം ഡിസോർഡറുള്ള കുട്ടികളുടെ പുനരധിവാസത്തിനായുള്ള സെറിബ്രൽ പാൾസി റീഹാബിലിറ്റേഷൻ റിസർച്ച് സെന്റർ, റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ റിസർച്ച്

സെന്റർ (RARRC) എന്നിവ സംസ്ഥാന സർക്കാരിന്റെയും സാമൂഹ്യസുരക്ഷാ മിഷന്റെയും സഹായത്തോടെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (NIPMR) ഏറ്റെടുത്തിട്ടുണ്ട്. കുടുംബങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി റസിഡൻഷ്യൽ കെയർ സൗകര്യം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

## 14. സൈനികക്ഷേമം

103. യുദ്ധസ്മാരകത്തിന്റെ നിർമ്മാണത്തിനുവേണ്ടിയുള്ള പ്രാരംഭജോലികൾ തിരുവനന്തപുരത്ത് ആരംഭിച്ചുകഴിഞ്ഞു. കേരള സ്റ്റേറ്റ് എക്സ്-സർവ്വീസ് മെൻ ഡെവലപ്മെന്റ് ആൻഡ് റീഹാബിലിറ്റേഷൻ കോർപ്പറേഷൻ വഴി ഈ വർഷത്തിൽ ഏകദേശം 4000 വിമുക്തഭടന്മാരെ കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും വിവിധ വകുപ്പുകളിൽ വിന്യസിച്ചിട്ടുണ്ട്.

## 15. ആരോഗ്യവും കുടുംബക്ഷേമവും

104. ഒമിക്രോൺമൂലമുണ്ടായ 3-ാം തരംഗം കെട്ടഴിച്ചുവിട്ട അതീവനാശത്തിൽ രാജ്യവും സംസ്ഥാനങ്ങളും തേങ്ങുമ്പോൾ, ശാസ്ത്രയുക്തിയും ലോകമാകെ ലഭ്യമായ സാക്ഷ്യങ്ങളും അടിസ്ഥാനമാക്കി മഹാമാരിക്കെതിരായി കേരളം അതിന്റെ പോരാട്ടം തുടരുകയാണ്. മഹാമാരിയുണ്ടായിരുന്നിട്ടും സംസ്ഥാന

വികസനത്തിനായുള്ള വിവിധ നടപടികളോടൊപ്പം മഹാമാരിയുടെ നിയന്ത്രണത്തിനും ശമനത്തിനുമായി ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിന്റെ ആവശ്യകത എന്റെ സർക്കാരിന് ബോദ്ധ്യമുണ്ട്.

105. എന്റെ സർക്കാർ സൗജന്യ കോവിഡ് ചികിത്സ നൽകുന്നതിന് പ്രതിജ്ഞാബദ്ധമായിരിക്കുന്നതും കോവിഡാനന്തരം ഉയർന്നുവരുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നു. ഇതിലേയ്ക്കായി, 1188 കോവിഡാനന്തര ക്ലിനിക്കുകളും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ 186 പൾമണറി റീഹാബിലിറ്റേഷൻ യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്.

106. സർക്കാർ 2025-ഓടെ തദ്ദേശജന്യമായ മലേറിയ, കാലാ അസർ, മന്തുരോഗം, കുഷ്ഠം, ക്ഷയം എന്നിവ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ഉൽക്കർഷേച്ഛയോടെയുള്ള സമാരംഭങ്ങൾ നവകേരള കർമ്മപദ്ധതി 2-ന്റെകീഴിൽ ഏറ്റെടുത്തിട്ടുണ്ട്. 14 ജില്ലകളിലും ജില്ലാ കാൻസർ കൺട്രോൾ പ്രോഗ്രാം നടപ്പിലാക്കുന്നതാണ്. 30 വയസ്സിനുമുകളിൽ പ്രായമുള്ളവരുടെ വാർഷിക സ്ക്രീനിംഗിനോടൊപ്പം ലൈഫ്സ്റ്റൈൽ ഡിസീസ് പീപ്പിൾസ് കാമ്പയിനും സംസ്ഥാനത്ത് ആരംഭിക്കുന്നതാണ്.

107. സംസ്ഥാന ഡിജിറ്റൽ ഹെൽത്ത് മിഷന്റെയും ഇ-ഹെൽത്ത് പ്രോജക്ടിന്റെയും കീഴിൽ ആരോഗ്യ മേഖലയിൽ മുന്നേറുന്നതിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസും മെഷീൻ ലേണിംഗും പോലെയുള്ള

അത്യന്താധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുന്നു.

## 16. പൊതുവിദ്യാഭ്യാസം

108. സമ്പർക്ക ക്ലാസുകൾക്ക് കോവിഡ് സൃഷ്ടിച്ച വിനാശകരമായ ആഘാതമുണ്ടായിരുന്നിട്ടും ഡിജിറ്റൽ ക്ലാസ്സുകളിലൂടെയും തുടർന്ന് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരസ്പരം തത്സമയം ആശയവിനിമയം സാധ്യമാകുന്ന ഓൺലൈൻ ക്ലാസ്സുകളിലൂടെയും നമ്മുടെ വിദ്യാർത്ഥികളെ പഠനത്തിന്റെ പാതയിൽ നിലനിർത്താൻ എന്റെ സർക്കാരിന് കഴിഞ്ഞിരിക്കുന്നു. ഓൺലൈൻ ക്ലാസ്സുകൾ പ്രയോജനപ്പെടുത്തുന്നതിന് എല്ലാ വിദ്യാർത്ഥികൾക്കും ഡിജിറ്റൽ ഉപകരണങ്ങൾ പ്രാപ്യമാക്കുക എന്ന വെല്ലുവിളി മനുഷ്യസ്നേഹികളായ കേരളീയരുടെ പിന്തുണയോടെ 'വിദ്യാകിരണം' പദ്ധതിയിലൂടെ നേരിടുകയുണ്ടായി.

109. 2020-ലെ ദേശീയ വിദ്യാഭ്യാസനയവുമായി (NEP) വിയോജിപ്പുള്ള മേഖലകൾ കണക്കിലെടുത്തുകൊണ്ട് 2020-ലെ ദേശീയ വിദ്യാഭ്യാസനയം (NEP) അടിസ്ഥാനമാക്കി പുതിയ പാഠ്യപദ്ധതി തയ്യാറാക്കുന്നതിനുള്ള നിർദ്ദേശവുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. മതനിരപേക്ഷതയ്ക്ക് അർഹമായ പ്രാധാന്യം നൽകിക്കൊണ്ട് ശാസ്ത്രബോധവും സാങ്കേതികജ്ഞാനവും ഉൾപ്പെടുന്നതായിരിക്കും പാഠ്യപദ്ധതി.

അന്ധവിശ്വാസങ്ങൾക്കെതിരെയും ശാസ്ത്ര ചിന്താഗതി വളർത്തുന്നതിനുമുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നിർദ്ദിഷ്ട പാഠ്യപദ്ധതിയിലുൾപ്പെടുത്തുന്നതാണ്. ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രത്യേക പ്രാധാന്യവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

**2022-23 വർഷത്തിൽ വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പരിപാടികൾ ചുവടെ നൽകിയിരിക്കുന്നു:**

i. താഴ്ന്ന പ്രകടനം നടത്തുന്ന സ്കൂളുകളെ ഒരു നിശ്ചിത നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനുള്ള ഫോക്കസ് സ്കൂൾ പദ്ധതി.

ii. നിർദ്ദിഷ്ട ഭിന്നശേഷിയുള്ളവരുടെ വിദ്യാഭ്യാസത്തെ ഉൾക്കൊള്ളുന്ന മാതൃകാ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നതിനുവേണ്ടി തെരഞ്ഞെടുത്ത പൊതുവിദ്യാലയങ്ങളെ ശക്തിപ്പെടുത്തുക എന്നതാണ് മോഡൽ ഇൻക്ലൂസീവ് സ്കൂൾ പ്രോഗ്രാം വിഭാവനം ചെയ്യുന്നത്. ഓട്ടിസം സ്പെക്ട്രം ഡിസോർഡർ (ASD), ഇന്റലക്ച്വൽ ഡിസെബിലിറ്റി (ID), ശ്രുവണപരിമിതി (HI), കാഴ്ച പരിമിതി (VI), നിശ്ചിത പഠനവൈകല്യം (SLD) എന്നിങ്ങനെ അഞ്ച് നിർദ്ദിഷ്ട ഭിന്നശേഷികൾ ഈ രീതിയിൽ പരിഗണിക്കുന്നതിനായി തിരിച്ചറിഞ്ഞിട്ടുണ്ട്.

iii. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ശരിയായ ശാരീരിക വ്യായാമത്തിന്റെ അഭാവംമൂലം കുട്ടികളിൽ ആരോഗ്യപ്രശ്നങ്ങൾ

രൂപപ്പെട്ടിട്ടുള്ളതായി കാണപ്പെടുന്നു. അതിനാൽ 2022-2023 കാലയളവിൽ 'ഫിറ്റ്നസ് ഫോർ ഫ്യൂച്ചർ' എന്ന പ്രത്യേക പരിപാടി സ്കൂളുകളിൽ അവതരിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.

iv. ഹയർ സെക്കൻഡറി-വൊക്കേഷണൽ വിദ്യാർത്ഥികൾക്കായി NSQF പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന തൊഴിൽ നൈപുണ്യ യോഗ്യതകൾ ആർജ്ജിക്കുന്നതിനായി ബ്ലോക്കുതലത്തിൽ ഒരു സ്കൂളിനെ ഹബ്ബ് ആൻഡ് സ്പോക് മോഡൽ നൈപുണ്യ വികസന കേന്ദ്രമാക്കി മാറ്റുന്നതാണ്.

## 17. ഉന്നത വിദ്യാഭ്യാസം

110. എന്റെ സർക്കാർ ഉന്നതവിദ്യാഭ്യാസത്തിന്റെ നിലവാരം പരിവർത്തനപ്പെടുത്തുന്നതിനും അതുവഴി അദ്ധ്യാപനത്തിനും ഗവേഷണത്തിനുമുള്ള നിക്ഷേപത്തിലും സമീപനത്തിലും ഒരു മാതൃകാപരമായ മാറ്റം നടപ്പിലാക്കിക്കൊണ്ട് നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആഗോള റാങ്കിംഗിൽ ഇടം കണ്ടെത്തുന്നതിനും ലക്ഷ്യമിടുന്നു.

111. ലോകോത്തര വിദ്യാഭ്യാസം നൽകുന്നതിനും ലോകമെമ്പാടുമുള്ള പ്രതിഭകളെ ആകർഷിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് വിവിധ സർവ്വകലാശാലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

112. സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും മറ്റ് ലൈബ്രറികളുടെയും അപൂർവ്വ ശേഖരങ്ങൾ/കൈയ്യെഴുത്തുപ്രതികൾ ഡിജിറ്റൈസ് ചെയ്യുന്നതിനും സംരക്ഷിക്കുന്നതിനുമായി വിഭാവനം ചെയ്തുകൊണ്ടുള്ള ലൈബ്രറി റിസോഴ്സുകളുടെ ഡിജിറ്റൈസേഷനും കേരള അക്കാദമിക് ലൈബ്രറി നെറ്റ്‌വർക്കിന്റെ (KALNET) വികസനത്തിനുംവേണ്ടിയുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്തുവരുന്നു. കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ, സംസ്ഥാന ആസൂത്രണ ബോർഡിന്റെ സഹകരണത്തോടെ, ലോകമെമ്പാടുമുള്ള കേരളീയ-അക്കാദമിക ഡയസ്പോറയുടെ ഡാറ്റാ ബേസ് നിർമ്മിക്കുന്നതിനായി 'ദി ബ്രെയിൻ ഗെയിൻ പ്രോജക്ട്' എന്നുവിളിക്കുന്ന ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്.

113. ജെൻഡർ വിവേചനം അവസാനിപ്പിക്കുന്നതിനും നമ്മുടെ കാമ്പസുകളെ എല്ലാവർക്കും തുല്യ അവസരങ്ങളുടെ കേന്ദ്രങ്ങളാക്കുന്നതിനുമായി കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ് "സമഭാവനയുടെ സൽക്കലാശാലകൾ" എന്നപേരിൽ ഒരു ജെൻഡർ സെൻസിറ്റൈസേഷൻ പ്രോഗ്രാം നടപ്പിലാക്കുന്നതിന് ആരംഭം കുറിച്ചിട്ടുണ്ട്. 'സ്കീം ഫോർ ഹെർ എംപവർമെന്റ് ഇൻ എഞ്ചിനീയറിംഗ് എഡ്യൂക്കേഷൻ (SHE)' എന്ന പരിപാടി സാങ്കേതിക രംഗങ്ങളിൽ വിദ്യാർത്ഥിനികളെ പ്രോത്സാഹിപ്പിക്കുന്നതിനുദ്ദേശിക്കുന്നു.

114. പുനരുല്പാദിപ്പിക്കാവുന്ന ഊർജ്ജസ്രോതസ്സുകളിലേയ്ക്ക് മാറിക്കൊണ്ട് എല്ലാ സ്ഥാപനങ്ങളുടെയും ഓഫീസുകളുടെയും കാർബൺ

ബഹിർഗമനം കുറയ്ക്കുന്നതിന് കൊളീജിയറ്റ് വിദ്യാഭ്യാസ വകുപ്പ് ഒരു പുതിയ 'ഗ്രീൻ കാമ്പസ് പദ്ധതി'-യും ഉദ്ദേശിക്കുന്നുണ്ട്.

## 18. ശാസ്ത്രവും സാങ്കേതികവിദ്യയും

115. മദ്രാസ് ഐ.ഐ.ടി.-യുടെ സഹകരണത്തോടെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് സ്റ്റഡീസ് ഒരു "നാഷണൽ എയ്റോസോൾ ആൻഡ് ബയോ എയ്റോസോൾ അറ്റ് ഹൈ ആൾട്ടിറ്റ്യൂഡ് ലബോറട്ടറി" ആരംഭിച്ചിട്ടുണ്ട്. കാലാവസ്ഥ സ്ഥിതി മുൻകൂട്ടി മനസ്സിലാക്കുന്നതിനുവേണ്ടി ഒരു ഹ്രസ്വകാല കാലാവസ്ഥ അനുകരണ സംവിധാനം (ഇൻസ്റ്റിറ്റ്യൂട്ട്) സ്ഥാപിച്ചിട്ടുണ്ട്. പലതരം വൈറസുകളുടെ നിർണ്ണയവും കൈകാര്യം ചെയ്യലും സംബന്ധിച്ച് മുൻനിര ഗവേഷണങ്ങൾ നടത്തുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയെ വികസിപ്പിക്കുകയും ആന്റി വൈറസിന്മേൽ ഗവേഷണങ്ങൾ നടത്തിയിട്ടുള്ളതും ഈ രംഗത്ത്, വിശിഷ്യാ കോവിഡ്-19 മഹാമാരിക്കാലത്ത്, മികവ് കൈവരിക്കുന്നതിനായി പരിശ്രമിക്കുകയും ചെയ്യുന്നുണ്ട്. എന്റെ സർക്കാർ കേരളത്തിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിക് സ്റ്റഡീസ് സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

# IV. തദ്ദേശഭരണം

## 19. തദ്ദേശസ്വയംഭരണം

116. സംസ്ഥാനത്തെ അനേകം സംരംഭങ്ങളിൽ, അത് കോവിഡ് നിയന്ത്രണം, ദുരന്ത പ്രതിരോധം, കാലാവസ്ഥാ പ്രവർത്തനം, ദാരിദ്ര്യ നിർമ്മാർജ്ജനം, തൊഴിലവസരം സൃഷ്ടിക്കൽ, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്, പൗരസേവനങ്ങളുടെ ഡിജിറ്റൈസേഷൻ തുടങ്ങി ഏതുമാകട്ടെ, തദ്ദേശസ്വയംഭരണ വകുപ്പ് മുൻനിരയിൽ തന്നെയുണ്ടായിരുന്നു. കോവിഡിലും ദുരന്ത നിവാരണത്തിലും മുന്നിൽനിന്ന് പ്രവർത്തിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അവയുടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെയും കാര്യക്ഷമമായ സേവനത്തെ ഞാൻ പ്രത്യേകമായി അനുമോദിക്കുവാൻ ആഗ്രഹിക്കുന്നു.

117. സംസ്ഥാനത്തെ എല്ലാ വാർഡുകളിലുമുള്ള 13.74 ലക്ഷത്തിൽപ്പരം ആളുകളെ ഉൾപ്പെടുത്തി തദ്ദേശ സർക്കാരുകൾ നയിച്ച ഒരു പങ്കാളിത്ത പദ്ധതിയിലൂടെ നമുക്കിടയിലെ അങ്ങേയറ്റം അശരണരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ജനങ്ങളെ കണ്ടെത്തുന്നതിൽ ശ്രദ്ധേയമായ ഒരു ഇടപെടൽ എന്റെ സർക്കാർ നടത്തിയിട്ടുണ്ട്. ദരിദ്രരിൽ ദരിദ്രരായ 73555 പേരെ കണ്ടെത്തിയിട്ടുള്ളതും അവരെ പരമദാരിദ്ര്യത്തിൽനിന്നും ദുരിതത്തിൽനിന്നും കരകയറ്റുന്നതിനായി കുടുംബത്തെ അടിസ്ഥാനമാക്കി അവർക്കുവേണ്ടി രൂപപ്പെടുത്തിയ സൂക്ഷ്മ പദ്ധതികൾ വികസിപ്പിക്കുന്നതുമാണ്.

118. സ്ഥാപന വായ്പ കേന്ദ്രീകരിക്കൽ, സേവന അഗ്രിഗേറ്ററുകൾ പോലുള്ള

സേവന അവസരങ്ങളുടെയും സ്റ്റാർട്ടപ്പുകളുടെയും പുതിയ പ്രാദേശിക സംരംഭങ്ങളുടെയും പ്രോത്സാഹിപ്പിക്കൽ, സൈബർ തൊഴിലിടങ്ങളുടെ വികസനം, തൊഴിലിനായുള്ള നൈപുണ്യത്തിന്റെ പ്രോത്സാഹിപ്പിക്കൽ എന്നിവയുടെ പ്രാദേശിക സാമ്പത്തിക പുരോഗതിയുടെ ഒരു പുതിയ മാതൃക വികസിപ്പിച്ചിട്ടുണ്ട്. വ്യവസായ, സഹകരണ വകുപ്പുകളുമായി സഹകരിച്ചും കുടുംബശ്രീയുടെ പുതുതലമുറ സംരംഭക ഉദ്യമങ്ങളെ മുന്നിൽ നിർത്തിക്കൊണ്ടും 'ഒരു തദ്ദേശസ്വയംഭരണം ഒരു ഉത്പന്നം' (OLOP) നടപ്പിലാക്കും.

119. എല്ലാ നഗര തദ്ദേശസ്ഥാപനങ്ങളിലും ലോ റിസ്ക് കെട്ടിടങ്ങളുടെ ബിൽഡിംഗ് പ്ലാൻ ആപ്ലിക്കേഷനുകൾക്കായി 'ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ' വിജയകരമായി നടപ്പിലാക്കി. ഇന്റഗ്രേറ്റഡ് ലോക്കൽ ഗവൺമെന്റ് മാനേജ്മെന്റ് സിസ്റ്റം (ILGMS) ഈ വർഷം എല്ലാ ഗ്രാമപഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കും.

120. യോജിച്ചുള്ള ശുചീകരണ പ്രവർത്തനങ്ങളിലൂടെയും ഖര, ദ്രവ മാലിന്യങ്ങളുടെ ശാസ്ത്രീയമായ സംസ്കരണത്തിലൂടെയും 400 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2023-ഓടുകൂടി ഒ.ഡി.എഫ്. പ്ലസ് (ODF-plus) പദവി നേടുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തുടനീളം ഐ.ടി. അധിഷ്ഠിതമായ മാലിന്യ സംസ്കരണ പദ്ധതി ആരംഭിക്കുന്നതിനുംകൂടി വകുപ്പ് ആലോചിക്കുന്നു. 2022-ൽ ഏറ്റവും

കുറഞ്ഞത് 20 നഗര തദ്ദേശസ്ഥാപനങ്ങളെങ്കിലും മാലിന്യരഹിത പദവി നേടുമെന്ന് പ്രതീക്ഷിക്കുന്നു.

121. ഡംപ് സൈറ്റ് റെമഡിയേഷൻ, സാനിറ്ററി ലാൻഡ് ഫിൽസ്, ഇലക്ട്രോണിക് മാലിന്യ സംസ്കരണം, ഗ്ലാസ് മാലിന്യം, നിർമ്മാണ നശീകരണമാലിന്യം എന്നിവപോലുള്ള ദീർഘകാലമായി നിലനിൽക്കുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ലോകബാങ്ക് സഹായത്തോടെയുള്ള 2500 കോടി രൂപയുടെ കേരള ഖരമാലിന്യ സംസ്കരണ പ്രോജക്ട് മുഖേന നഗര തദ്ദേശസ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണത്തിനുള്ള വിഭവങ്ങളുടെ വൻ വർദ്ധനവ് ഈ വർഷം കാണാനാകും.

122. സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ ജലാശയങ്ങളുടെയും മാപ്പിംഗിനും സംരക്ഷണത്തിനുമായി- "തെളിനീർ ഒഴുകും നവകേരളം" - എന്നൊരു സംസ്ഥാനതലത്തിൽ, സമൂഹ നേതൃത്വത്തിൽ ക്ലീൻ അക്വിഫർ ക്യാമ്പയിൻ ഏറ്റെടുക്കും. സംസ്ഥാനത്തെ ദ്രവമാലിന്യ സംസ്കരണത്തിനുള്ള വ്യക്തമായ ഒരു നയംകൂടി എന്റെ സർക്കാർ കൊണ്ടുവരും.

123. 2021 ഡിസംബർ 31-വരെ ഭവനനിർമ്മാണത്തിനുള്ള സുപ്രധാന പദ്ധതിയായ ലൈഫ് (LIFE)-നു കീഴിൽ 2,78,812 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കി. അടുത്ത സാമ്പത്തികവർഷത്തിൽ പ്രീ-ഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ച് ഒരു ലക്ഷം വീടുകളും 30

ഭവന സമുച്ചയങ്ങളും നിർമ്മിക്കുക എന്ന മഹത്തായ ലക്ഷ്യം നേടുവാൻ എന്റെ സർക്കാർ തീരുമാനിച്ചിരിക്കുന്നു. എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തെ സഹായിക്കുന്നതിന് മനുഷ്യസ്നേഹികളായ ആളുകളും സ്ഥാപനങ്ങളും മുഖേന ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുള്ള പ്രചരാണാർത്ഥം "മനസ്സോടിത്തിരി മണ്ണ്" എന്നൊരു പുതിയ സംരംഭം ഏറ്റെടുക്കും.

124. കുടുംബശ്രീ അതിന്റെ എൻ.എച്ച്.ജി. (NHG) അംഗങ്ങൾക്കായി - 'ജീവൻ ദീപം' - എന്നൊരു പുതിയ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുകയും അതിൽ 4.25 ലക്ഷം പേർ ഇതിനകം അംഗങ്ങളാവുകയും ചെയ്തുവെന്നറിയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. 'വിശപ്പുരഹിത കേരളം' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം കുടുംബശ്രീ 1172 ജനകീയ ഹോട്ടലുകൾ ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ പുതിയതായി ആരംഭിച്ച 19550 സഹായക ഗ്രൂപ്പുകൾ യുവതികൾക്ക് കുടുംബശ്രീയെ സാമൂഹിക വിഷയങ്ങളുടെ ഒരു ചർച്ചാവേദിയായും പുതിയ ഉപജീവന അവസരങ്ങൾക്കുള്ള ഒരു മാർഗ്ഗമായും കാണുന്നതിന് സഹായകമാകും. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ കീഴിൽ ഒരു ലക്ഷത്തിലധികം ഗുണഭോക്താക്കൾക്ക് ഉപജീവന അവസരങ്ങൾ സൃഷ്ടിച്ചു.

125. എന്റെ സർക്കാർ 2022-23-ൽ കേരളത്തിൽ 1050 ലക്ഷം വ്യക്തിഗത തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും MGNREGS,

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതികൾ എന്നിവ മുഖേന കുറഞ്ഞത് 16 ലക്ഷം കുട്ടുംബങ്ങളെ സഹായിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഈ പദ്ധതികളിൻകീഴിൽ വേതനം ലഭിക്കുന്നവർക്കായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനായി 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ആക്ട് പാസ്സാക്കി.

126. കോവിഡുമൂലം നിഷ്ക്രിയരായിത്തീർന്ന കുട്ടികൾക്ക് കളിസ്ഥലങ്ങൾ തിരികെ നൽകുന്നത് എന്റെ സർക്കാരിന്റെ മുൻഗണനയിലുള്ളതും അതിനായി കായിക വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും കൂട്ടായ പരിശ്രമത്തിലൂടെ ഓരോ പഞ്ചായത്തിലും ULB-യിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാനുദ്ദേശിക്കുന്നു. നടപ്പുവർഷത്തിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ലോക്കൽ ബോഡി സ്പോർട്സ് കൗൺസിലുകൾ തുടങ്ങാൻ സജ്ജമാണ്.

## V. ധനകാര്യവും നികുതിയും

### 20. നികുതിയും ലോട്ടറിയും കെ.എസ്.എഫ്.ഇ.യും

127. വകുപ്പിന്റെ പുന:സംഘടനയോടൊപ്പം നികുതി നിയമങ്ങളിലെ മാറ്റത്തിന്റെയും സാങ്കേതികവിദ്യയിലെ തുടർന്നുവന്നുകൊണ്ടിരിക്കുന്ന കണ്ടുപിടുത്തങ്ങളുടെയും ചുറ്റുപാടിൽ സംസ്ഥാന GST വകുപ്പ് നികുതി നിർവ്വഹണത്തിന്റെ ആധുനികവത്കരണം മുൻകയ്യെടുത്ത്

നടപ്പാക്കുന്നു. ഒരു വെർച്വൽ IT കേഡറിന്റെ കാര്യക്ഷമമായ പിന്തുണയോടെ വകുപ്പിന്റെ പ്രവർത്തനപരവും തന്ത്രപരവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി മോഡൽ 2 GSTN പോലുള്ള വിവരസാങ്കേതികവിദ്യാ പരിഹാരങ്ങൾ, നമ്പർപ്ലേറ്റ് തിരിച്ചറിയൽ സംവിധാനം, തട്ടിപ്പ് തിരിച്ചറിയൽ ഉപകരണങ്ങൾ തുടങ്ങിയവ സ്വീകരിച്ചത് മെച്ചപ്പെടുത്തലിന് സഹായകരമായിട്ടുണ്ട്. വകുപ്പിന്റെ സംരംഭമായ "tax payer profile card" നികുതിദായകർ, ഉപഭോക്താക്കൾ, മറ്റ് ബന്ധപ്പെട്ട കക്ഷികൾ എന്നിവരെ സ്വമേധയായുള്ള കൃത്യമായ നികുതി അടയ്ക്കലിനുള്ള ഒരു സാഹചര്യത്തിലേയ്ക്ക് നയിക്കും.

128. വിഭവ സമാഹരണത്തിന്റെ ഭാഗമായി ലോട്ടറി ടിക്കറ്റുകളുടെ സമ്മാനഘടന പരിഷ്കരിക്കുകയും പന്ത്രണ്ട് സീരീസുകളായി അച്ചടിക്കുന്ന ടിക്കറ്റുകളുടെ എണ്ണം ഒരു കോടി എട്ടുലക്ഷം ടിക്കറ്റുകളായി ഉയർത്തുകയും ചെയ്തു. കോവിഡ് സാഹചര്യമായിരുന്നിട്ടും 2021 ഡിസംബർ വരെ വിൽപ്പനത്തുകയിൽനിന്നും 4597.55 കോടി രൂപയും 1287.31 കോടി രൂപ GST ആയും സമാഹരിക്കുവാൻ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. വില്പനത്തുകയുടെയും GST-യുടെയും ഓൺലൈനായുള്ള അടവ് സുഗമമാക്കുന്നതിനായി ലോട്ടറി ഏജന്റുകൾക്കായി ഒരു പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

129. മഹാമാരിയുടെ പശ്ചാത്തലത്തിൽ സാമ്പത്തിക പ്രതിസന്ധിയിലായ ആളുകളെ സഹായിക്കുന്നതിനായി വിവിധ പദ്ധതികൾ കേരള സംസ്ഥാന ഫിനാൻഷ്യൽ എന്റർപ്രൈസസ് (KSFE Limited) ആരംഭിച്ചു. മഹാമാരിമൂലം സ്വദേശത്തേയ്ക്ക് തിരിച്ചുവന്ന എൻ.ആർ.കെ.-കളുടെ അതിജീവനത്തിന് തുക ലഭ്യമാക്കുന്നതിനായി പ്രവാസി മിത്രം, പ്രവാസി സൗഹൃദം എന്നീ സ്വർണ്ണ വായ്പകൾ നാമമാത്രമായ 5 ശതമാനം പലിശ നിരക്കിൽ കെ.എസ്.എഫ്.ഇ. നടപ്പിലാക്കി.

## 21. എക്സൈസ് വകുപ്പ്

130. ശരിയായ മൂല്യവർദ്ധനവിന്റെ അഭാവംമൂലം നിലവിൽ വലിയതോതിൽ പാഴായിപ്പോകുന്ന പ്രാദേശിക കാർഷിക ഉൽപ്പന്നത്തിൽനിന്നും വീഞ്ഞ്, വീര്യം കുറഞ്ഞ മദ്യം എന്നിവയുടെ ഉല്പാദനം എന്റെ സർക്കാർ നടപ്പാക്കും. കള്ളിന്റെ ഉല്പാദനവും വിതരണവും നിരീക്ഷിക്കുകവഴി കള്ള് വ്യവസായത്തിൽ കൂടുതൽ സുതാര്യത ഉറപ്പാക്കുന്നതിനായി ട്രാക്ക് ആൻഡ് ട്രേയ്സ് സംവിധാനം നടപ്പിലാക്കും.

131. എക്സൈസ് വകുപ്പ് വിമുക്തി മിഷനോടൊപ്പം ചേർന്ന് സംസ്ഥാനത്തെ ലഹരി ദുരുപയോഗം ഇല്ലാതാക്കുന്നതിനായി വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഗോത്രമേഖലകളുടെ ഒരു സമഗ്രവികസനം നേടാനുള്ള ശ്രമമായി

പുതിയ ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ സജ്ജീകരിക്കും.

## VI. അടിസ്ഥാന സൗകര്യം

### 22. ഊർജ്ജം

132. 24x7 മുഴുവനും വൈദ്യുതി നൽകുവാൻ കഴിയുമെങ്കിലും ബാഹ്യസ്രോതസ്സുകളെ ആശ്രയിക്കുന്നത് പരമാവധി കുറയ്ക്കണമെന്ന് എന്റെ സർക്കാരിന് നിശ്ചയദാർഢ്യമുണ്ട്. ജലം, സൗരോർജ്ജം, കാറ്റ് എന്നിവയെ പ്രയോജനപ്പെടുത്തിക്കൊണ്ട് സുസ്ഥിര ഊർജ്ജ പരിഹാരമാർഗ്ഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് തുടരും. 2025-ഓടെ പുനരുപയോഗ സ്രോതസ്സുകളിൽനിന്നും കുറഞ്ഞത് 1000 MW ഊർജ്ജോൽപാദനം ഉറപ്പാക്കുന്നതിന് എന്റെ സർക്കാർ ലക്ഷ്യമിടുന്നു.

133. നിലവിലുള്ള ജലസംഭരണികളിൽ ലഭ്യമായ വെള്ളം ഉപയോഗിച്ച് ഇടുക്കി (800 MW), ശബരിഗിരി എന്നിവിടങ്ങളിൽ കൂടുതൽ പവർഹൗസുകൾക്കുള്ള സാധ്യത എന്റെ സർക്കാർ തേടും. ഊർജ്ജോൽപാദനത്തിനും ജലസേചനത്തിനുമുള്ള 60 MW ശേഷിയുള്ള ട്വിൻ കല്ലാർ മൾട്ടി പർപ്പസ് പ്രോജക്ടും പരിഗണനയിലാണ്.

134. ഗതാഗത മേഖലയിലെ ഊർജ്ജ ആവശ്യകതയുടെ 50 ശതമാനം ഇനിയുള്ള മൂന്ന് ദശാബ്ദങ്ങളിൽ വൈദ്യുതിയിൽനിന്നും കണ്ടെത്താമെന്നാണ് പ്രതീക്ഷിക്കുന്നത്. വർദ്ധിച്ചുവരുന്ന ആവശ്യം

നിറവേറ്റുന്നതിനായി സംസ്ഥാനത്തുടനീളം ഇ.വി. ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ഒരു ബൃഹത് ശൃംഖല സജ്ജീകരിക്കും.

135. ഊർജ്ജ കേരള മിഷന്റെ കീഴിൽ ആരംഭിച്ച ദ്യുതി, ട്രാൻഡ്ഗ്രിഡ് 2.0 എന്നീ പ്രധാന പദ്ധതികൾ പുനരുപയോഗിക്കാവുന്ന ഊർജ്ജ ഉറവിടങ്ങളുടെ സംയോജനം സങ്കീർണ്ണരഹിതമാക്കുകയും വിതരണ നഷ്ടവും പ്രസരണ നഷ്ടവും രാജ്യത്തെ ഏറ്റവും കുറഞ്ഞ തലങ്ങളിലേയ്ക്കെത്തിക്കുകയും ചെയ്തിട്ടുണ്ട്. ആകെ 4400 കോടി രൂപ ചെലവിൽ ദ്യുതിയുടെ രണ്ടാംഘട്ടം തുടരാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ട്രാൻസ്ഗ്രിഡ് 2.0, 400 KV പ്രസരണ ഇടനാഴി എന്നീ പദ്ധതികളുടെ പൂർത്തീകരിക്കലോടെ ഇറക്കുമതി/കയറ്റുമതിശേഷി 5,000 MW-ലെത്തും.

## 23. പൊതുമരാമത്ത്

136. സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുന്നതിനും പൗരൻമാർക്ക് നല്ല അനുഭവം പ്രദാനം ചെയ്യുന്നതിനും ഗുണമേന്മയുള്ള പൊതു അടിസ്ഥാനസൗകര്യം സൃഷ്ടിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് പരിവർത്തനത്തിന്റെ ഒരു പാത സമാരംഭിച്ചിട്ടുണ്ട്. എന്റെ സർക്കാർ ദേശീയ ഹൈവേ, തീരദേശ ഹൈവേ, മലയോര ഹൈവേ എന്നീ പദ്ധതികളുടെ ത്വരിതമായ നടപ്പിലാക്കലിനായി നൽകുന്ന ഊന്നലിൽ ഇത് പ്രതിഫലിച്ച് കാണാവുന്നതാണ്.

137. റോഡ് സുരക്ഷയ്ക്ക് അർഹമായ പ്രാധാന്യം നൽകുകയും ഉചിത സ്ഥലങ്ങളിൽ കാൽനട സൗഹൃദ നടപ്പാതകൾ, സൈക്കിൾ ട്രാക്കുകൾ തെരുവോര ഫർണിച്ചർ എന്നിവ ഉൾപ്പെടുന്ന "സ്ട്രീറ്റ്സ് ഫോർ ഓൾ" (Streets for all) എന്ന ആശയവും നടപ്പിലാക്കും. ട്രാഫിക് ആവശ്യകതയനുസരിച്ച് എല്ലാ സംസ്ഥാന ഹൈവേകളും രണ്ടുവരി/നാലുവരി നിലവാരത്തിലേയ്ക്ക് ഘട്ടംഘട്ടമായി വികസിപ്പിക്കും.

138. തദ്ദേശാധികാര സ്ഥാനങ്ങളുമായുള്ള ഏകോപനത്തിൽ ഹൈവേയിലുടനീളം വഴിയോര സൗകര്യങ്ങളുടെ വികസനവും മൾട്ടിലെവൽ പാർക്കിംഗ് സൗകര്യങ്ങളുടെ നിർമ്മാണവും ഏറ്റെടുക്കും.

139. ഉചിതമായ സംവിധാനങ്ങളും സാങ്കേതികവിദ്യയുംകൊണ്ട് പൊതുമരാമത്ത് വകുപ്പ് 'പോട്ട്ഹോൾ ഫ്രീ കേരള' (Pothole free Kerala)-യ്ക്കായുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. സമയബന്ധിതമായി റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു റണ്ണിംഗ് കോൺട്രാക്ട് സംവിധാനം സ്വീകരിക്കുകയും അതുവഴി സമയബന്ധിതമായ പ്രതിരോധവും ക്രിയാത്മകമായ അറ്റകുറ്റപ്പണിയും ഉറപ്പാക്കുകയും ചെയ്യും.

140. PWD റെസ്റ്റ് ഹൗസുകളെ ജനങ്ങളുടെ റെസ്റ്റ് ഹൗസുകളാക്കി മാറ്റിവരുന്നു. ഈ സൗകര്യങ്ങൾ ഇപ്പോൾ യാത്രികർക്കും വിനോദസഞ്ചാരികൾക്കും ഓൺലൈൻ മുഖേന പ്രാപ്യമാകുന്നതാണ്.

141. സർക്കാർ കെട്ടിടങ്ങളുടെ മുഖച്ഛായ മാറ്റുവാൻ ബിൽഡിംഗ്സ് ആൻഡ് ആർക്കിടെക്ചറൽ വിഭാഗം ധീര ശ്രമം നടത്തിവരുന്നു. അടുത്ത അഞ്ച് വർഷത്തിൽ ഓരോ നിയമസഭാ നിയോജകമണ്ഡലത്തിലും (LAC) ഒരു കെട്ടിടമെങ്കിലും ഹരിത കെട്ടിടം എന്ന ആശയത്തിൽ നിർമ്മിക്കുന്നതാണ്.

142. ഉയർന്ന ഗുണമേന്മയും അനുഭവജ്ഞാനമൂല്യവുമുള്ള ഒരു പൊതു അടിസ്ഥാനസൗകര്യം സൃഷ്ടിക്കുവാനായി ഒരു സമഗ്ര അടിസ്ഥാനസൗകര്യ രൂപകല്പനാനയവും മാർഗ്ഗനിർദ്ദേശവും എന്റെ സർക്കാർ വികസിപ്പിക്കും. കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലും പ്രാദേശിക ലബോറട്ടറികളിലും ആസ്തികളുടെ ഗുണനിലവാര നിയന്ത്രണത്തിനായി അത്യാധുനിക സൗകര്യങ്ങൾ സ്ഥാപിച്ചുവരുന്നു. തത്സമയ ഫീൽഡ് നിരീക്ഷണത്തിനായി മൊബൈൽ ഗുണനിലവാര നിയന്ത്രണ ലബോറട്ടറികളുംകൂടി സ്ഥാപിച്ചുവരുന്നു.

143. പരിപൂർണ്ണ സുതാര്യതയും അഴിമതിരഹിത പദ്ധതി നടപ്പാക്കലും പ്രോത്സാഹിപ്പിക്കുവാനായി പദ്ധതിയുടെ പ്രധാന വിവരങ്ങളായ ഡിഫക്ട് ലയബിലിറ്റി പിരീഡ് (defect liability period), ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും കോൺട്രാക്ടർമാരുടെയും വിശദവിവരങ്ങൾ എന്നിവ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു. മൊബൈൽ ആപ്ലിക്കേഷൻ അടിസ്ഥാനമാക്കിയുള്ള പരാതി പരിഹാരവും നിരീക്ഷണവും സംവിധാനമായ " PWD 4U " ആപ്പുംകൂടി ഈ സംരംഭത്തിന്റെ ഒരു

ഭാഗമായി നടപ്പിലാക്കിവരുന്നു.

## 23. ജല വിഭവം

144. ജൽജീവൻ മിഷനുകീഴിൽ 2022-ൽ 10,22,635 പുതിയ ഫംഗ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷനുകൾ (FHTCs) നൽകുവാൻ ജലവിഭവ വകുപ്പ് ലക്ഷ്യമിടുന്നു.

145. മലിനജലം കൈകാര്യം ചെയ്യുന്നതിന്റെ ശേഷി വർദ്ധിപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്, പ്രത്യേകിച്ച് സംസ്ഥാനത്തെ ജലാശയങ്ങളിലെ മലിനീകരണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ. 2022-ൽ ഏലംകുളത്തും കരീപ്പുഴയിലും യഥാക്രമം 5 എം.എൽ.ഡി. (MLD)-യും 12 എം.എൽ.ഡി.യും മലിനജല ട്രീറ്റ്മെന്റ് കപ്പാസിറ്റിയോടുകൂടിയ മലിനജല ട്രീറ്റ്മെന്റ് പ്ലാന്റുകൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു. ആലപ്പുഴ മുനിസിപ്പാലിറ്റിയിലും ചേർത്തല മുനിസിപ്പാലിറ്റിയിലും യഥാക്രമം 30 എം.എൽ.ഡി.-യും 9 എം.എൽ.ഡി.യും ശേഷിയുള്ള മലിനജല ട്രീറ്റ്മെന്റ് പ്ലാന്റുകൾ (STPs) നിർമ്മിക്കാനുള്ള പദ്ധതികൾ മറ്റ് പദ്ധതികൾക്കൊപ്പം വരുംവർഷങ്ങളിലേയ്ക്കായി തയ്യാറാക്കുന്നുണ്ട്.

146. സംസ്ഥാനത്ത് ശുദ്ധീകരിച്ച ജലം ലഭ്യമാകാത്ത 10 മുനിസിപ്പാലിറ്റികളുണ്ട്. ജലശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിച്ചുകൊണ്ടും വിതരണ ശൃംഖലകൾ ഏർപ്പെടുത്തിക്കൊണ്ടും ഈ പട്ടണങ്ങളിലെ

ജനങ്ങളുടെ ജലാവശ്യങ്ങൾ ജലവിഭവ വകുപ്പ് പരിഹരിക്കുന്നതാണ്.

147. എന്റെ സർക്കാർ കാവേരി തടത്തിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് മുന്തിയ പരിഗണന നൽകുന്നതാണ്. പമ്പാ തടത്തിൽ പട്ടിശ്ശേരി ഡാമിന്റെയും കനാൽ സിസ്റ്റത്തിന്റെയും പണി അതിവേഗം പുരോഗമിക്കുന്നു. തീരശോഷണത്തിന് വിധേയമാകുന്ന തീരമേഖലകൾക്ക് അനുയോജ്യമായ നവീന സാങ്കേതികവിദ്യകൾ രൂപീകരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് എന്റെ സർക്കാർ തുടരുന്നതാണ്.

148. സംസ്ഥാനത്ത് ആവർത്തിച്ചുണ്ടാകുന്ന അതിവർഷത്തിന്റെയും മിന്നൽ പ്രളയ സംഭവങ്ങളുടെയും പശ്ചാത്തലത്തിൽ കൂടുതൽ ഹൈഡ്രോ-മെറ്റീയറോളജിക്കൽ സ്റ്റേഷനുകളും ഫ്ലഡ് ഏർലി വാണിംഗ് സിസ്റ്റങ്ങളും (FEWS) സ്ഥാപിച്ചുകൊണ്ട് പ്രളയ മുന്നറിയിപ്പ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് 2022-ൽ സർക്കാർ ഉദ്ദേശിക്കുന്നു.

149. തോട്ടപ്പള്ളി സ്പിൽവേയുടെ പുനരുദ്ധാരണത്തിനായി പ്രധാന ചാനലിലും പമ്പ, മണിമല, അച്ചൻകോവിൽ എന്നീ നദികളിലും 2022-ലും ജലവിഭവ വകുപ്പ് ഡ്രഡ്ജിംഗ് പ്രവൃത്തികൾ തുടരുന്നതാണ്. വേമ്പനാട്ട് കായലിലെയും അനുബന്ധ ജലാശയങ്ങളിലെയും പ്രളയജലം ഉൾക്കൊള്ളാവുന്ന ശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി അവയിൽനിന്നും കുളവാഴ/കളകൾ, ചെളി, പ്ലാസ്റ്റിക് മാലിന്യങ്ങൾ

എന്നിവ നീക്കം ചെയ്യുന്നതിനും ജലവിഭവ വകുപ്പ് പ്രതിജ്ഞാബദ്ധമാണ്.

150. സുസ്ഥിരമായ നദീതട ആവാസവ്യവസ്ഥയുടെ പരിപാലനത്തിനുവേണ്ടി കേരളത്തിലെ പ്രധാനപ്പെട്ട ഓരോ നദികൾക്കുമായി സംസ്ഥാനതല മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതാണ്. ഭൂഗർഭജലം റീചാർജ്ജ് ചെയ്യുന്ന സാങ്കേതികവിദ്യവഴി സംസ്ഥാനത്തെ 10000 കിണറുകളെ സംരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളായി പരിവർത്തനം ചെയ്യുന്നതിനുള്ള പദ്ധതികളും നിലവിലുണ്ട്.

151. കല്ലട, കാരാപ്പുഴ, കാഞ്ഞിരപ്പുഴ, മലങ്കര ഡാമുകളുടെയും മണിയാർ ബാരേജിന്റെയും പുനരുദ്ധാരണ നവീകരണ പ്രവൃത്തികൾ 2022-ൽ നടപ്പിലാക്കുന്നതിന് സജ്ജമാക്കിയിട്ടുണ്ട്.

152. ജലവിഭവങ്ങളുടെ മാനേജ്മെന്റ്, പ്രളയ മാനേജ്മെന്റ്, തീരദേശ എഞ്ചിനീയറിംഗ്, ഹൈഡ്രോളിക് റിസർച്ച് മുതലായ രംഗങ്ങളിലെ വെല്ലുവിളികൾ നേരിടുന്നതിനായി ജലസേചന വകുപ്പിനുകീഴിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI)-നെ ദേശീയതലത്തിലുള്ള ഗവേഷണാധിഷ്ഠിത അക്കാദമിക മികവിന്റെ സ്ഥാപനമായി മാറ്റിയെടുക്കുവാൻ സർക്കാർ പദ്ധതിയിടുന്നു.

## 25. ഗതാഗതം.

153. ഫീൽഡ് ഉദ്യോഗസ്ഥരെ ഏറ്റവും പുതിയ സ്മാർട്ട് എൻഫോഴ്സ്മെന്റ് ഉപകരണങ്ങളോടും നവീന സാങ്കേതികവിദ്യയോടുംകൂടി സജ്ജമാക്കിക്കൊണ്ടുള്ള 'സ്മാർട്ട് എൻഫോഴ്സ്മെന്റ് ' പദ്ധതി നടപ്പിലാക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. 7.5 ലക്ഷത്തിൽപ്പരം ലംഘനങ്ങൾ കണ്ടെത്തിയതിലൂടെ സേഫ് കേരള പ്രോജക്ട് അതിന്റെ തുടക്കം മുതൽ പ്രോത്സാഹനപരമായ ഫലങ്ങളാണ് കാണിക്കുന്നത്.

154. യാത്രാസൗകര്യം ഉറപ്പുവരുത്തുന്നതിന് ഇന്റലിജന്റ് പബ്ലിക് ട്രാൻസ്പോർട്ട് സിസ്റ്റം നടപ്പിൽവരുത്തുന്നതിന് വകുപ്പ് ഉദ്ദേശിക്കുന്നു. എന്റെ സർക്കാർ, നിർഭയ പദ്ധതിക്കുകീഴിൽ സ്ത്രീകളുടെയും പൊതുജനങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിന് സംസ്ഥാന വ്യാപകമായ വാഹന ട്രാക്കിംഗ് പ്ലാറ്റ്ഫോം വികസിപ്പിക്കുവാൻ ലക്ഷ്യമിടുന്നു.

155. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ "ഗ്രാമവണ്ടി എന്ന ഒരു നൂതന പദ്ധതി" 2022-23 വർഷത്തിൽ കെ.എസ്.ആർ.ടി.സി. നടപ്പിൽ വരുത്തുന്നതാണ്.

156. കാർബൺ ബഹിർഗമനം പൂജ്യമാക്കുക എന്ന നയത്തിന്റെ ഭാഗമായി വകുപ്പിനുകീഴിലുള്ള ബോട്ടുകൾ മുഴുവൻ 3 വർഷംകൊണ്ട് സൗരോർജ്ജവത്കരിക്കും. ഇന്ത്യയിലെ ആദ്യത്തെ സോളാർ ക്രൂയിസ് വാഹനത്തിന്റെ നിർമ്മാണം നല്ലരീതിയിൽ പുരോഗമിക്കുകയും അത്

ഈ സാമ്പത്തികവർഷം പൂർത്തീകരിക്കുവാനും സാധ്യതയുണ്ട്.

157. റോഡ് അപകടങ്ങളിലെ ഇരകളെ അപകടസ്ഥലത്തുതന്നെ രക്ഷാപ്രവർത്തനത്തിൽ സഹായിക്കുന്നതിലേയ്ക്കായി ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിവഴി അപകടസ്ഥലത്തുവച്ചുതന്നെ രക്ഷാപ്രവർത്തനം നടത്തുന്നതിന് പൊതുജനത്തെയും സ്കൂൾ കുട്ടികളെയും പോലീസിനെയും സന്നദ്ധപ്രവർത്തകരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു കർമ്മസേന വികസിപ്പിക്കുന്നതിന് പരിപാടിയുണ്ട്. പദ്ധതിയിൽ ആംബുലൻസ് സേവന ദാതാക്കൾക്കുള്ള സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീഡ്യുവേഴ്സ് (എസ്.ഒ.പി.)-ഉം മാർഗ്ഗനിർദ്ദേശങ്ങളും രൂപീകരിക്കുന്നതാണ്.

## 26. തുറമുഖം.

158. പശ്ചിമതീരത്തിലൂടെ തീരദേശവ്യാപാരം മെച്ചപ്പെടുത്തുന്നതിനായി ഒരു ഗ്രീൻ ഫ്രൈറ്റ് കോറിഡോർ ആരംഭിക്കുന്നതിലേയ്ക്കായി കേരള സർക്കാർ കൊച്ചിയിൽനിന്നും ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലേയ്ക്ക് ഒരു ഗ്രീൻ ഫ്രൈറ്റ് കോറിഡോർ-2 സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

159. വെസ്റ്റ് കോസ്റ്റ് കനാലിന്റെ (West Coast Canal) വികസനം, മാഹി-വളപ്പട്ടണം റീച്ചിലും (Mahe-Valapattanam Reach) നീലേശ്വരം-ബേക്കൽ റീച്ചിലും (Neeleswaram-Bekal Reach) നിർദ്ദേശിച്ചിട്ടുള്ള പുതിയ കനാലിന്റെ നിർമ്മാണം എന്നിവ മൂന്ന്

ഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തിരിക്കുന്നത്. കനാലുകൾ വൃത്തിയാക്കുന്നതും നിലവിലെ വീതി നിലനിർത്തിക്കൊണ്ട് അവയെ ജലഗതാഗതത്തിനും വിനോദസഞ്ചാരത്തിനും യോഗ്യമാക്കുന്നതുമാണ് ഒന്നാം ഘട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികളിൽ വിഭാവനം ചെയ്തിരിക്കുന്നത്. കനാലുകളുടെ വീതി കൂട്ടിയും 2022 അവസാനത്തോടെ പുനരധിവാസ പ്രക്രിയയിലൂടെയും കയ്യേറ്റങ്ങളെ ഒഴിപ്പിക്കുകയും ചെയ്യുവാനാണ് രണ്ടാം ഘട്ടത്തിൽ വിഭാവനം ചെയ്തിരിക്കുന്നത്. ചരക്ക് ഗതാഗതം മെച്ചപ്പെടുത്തുന്നതിനായി കനാലുകളെ ദേശീയ ജലപാതാ നിലവാരത്തിലേയ്ക്ക് (National Waterway Standards) വികസിപ്പിക്കുന്നതിന് മൂന്നാം ഘട്ടത്തിൽ പ്രതീക്ഷിക്കുന്നു.

## VII. പ്രകൃതി വിഭവങ്ങളും പരിസ്ഥിതിയും ദുരന്ത നിവാരണവും

## 27. വനവും വന്യജീവിയും

160. സ്വാഭാവിക വനങ്ങളും മറ്റ് ആവാസ വ്യവസ്ഥകളും വീണ്ടെടുക്കുന്നതിനായി ഒരു ഇക്കോ റെസ്റ്റോറേഷൻ പോളിസി, 2021 സർക്കാർ കൊണ്ടുവന്നു. ഇത് തദ്ദേശസ്വയംഭരണം, പരിസ്ഥിതി തുടങ്ങിയ വകുപ്പുകളുടെ ഒരു കൂട്ടായ ഉദ്യമമായിരിക്കുന്നതും തദ്ദേശസർക്കാരുകളെ ഉൾക്കൊള്ളുന്നതുമാണ്. പൊതുജന പങ്കാളിത്തം ഇതിനെയൊരു ബഹുജന പ്രസ്ഥാനത്തിന്റെ രൂപത്തിലേയ്ക്ക് മാറ്റുന്നതാണ്.

161. കേരളത്തിലെ കാട്ടുകളിൽനിന്നും പരിസ്ഥിതിയുമായി പൊരുത്തപ്പെടാത്ത ജീവജാലങ്ങളെ മുൻഗണനാക്രമത്തിൽ ഉന്മൂലനം ചെയ്യുന്നതിനുള്ള ഒരു പ്രത്യേക പദ്ധതി 2022-23-ൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

162. “ കാർബൺ ന്യൂട്രൽ കേരളം" എന്ന ലക്ഷ്യം നേടിയെടുക്കുന്നതിൽ വനങ്ങൾക്കും വനത്തിന് പുറത്തുള്ള മരക്കൂട്ടങ്ങൾക്കുമുള്ള പങ്ക് പരമപ്രധാനമാണ്. നിലവിലുള്ള വനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിലൂടെയും മരക്കൂട്ടങ്ങൾ വർദ്ധിപ്പിക്കുന്നതിലൂടെയും വനങ്ങളാൽ നടക്കുന്ന ഈ ആഗീകരണപ്രക്രിയയെ ഉത്തേജിപ്പിക്കാവുന്നതാണ്.

163. സർക്കാർ ആവിഷ്കരിച്ചിട്ടുള്ള 2021-ലെ ഇക്കോ റെസ്റ്റോറേഷൻ പോളിസി, വാണിജ്യാവശ്യത്തിനുള്ളതും തദ്ദേശമല്ലാത്തതുമായ ഏകവിളത്തോട്ടങ്ങളായ അക്വേഷ്യ, യൂക്കാലിപ്റ്റസ്, വാട്ടിൽ എന്നിവകളിലെ ക്ലിയർ ഫെല്ലിംഗിൽനിന്ന് ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഇതിലേയ്ക്കായി നിശ്ചയിച്ചിട്ടുള്ള ന്യായവിലയ്ക്ക് വനവിഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള ചെറുകിട വ്യവസായങ്ങൾക്ക് നൽകുവാൻ വിഭാവനം ചെയ്യുന്നു.

164. തീരശോഷണം മെച്ചപ്പെട്ട രീതിയിൽ പ്രതിരോധിക്കുന്നതിനായി കണ്ടൽക്കാടുകളുടെയും മറ്റ് സസ്യജാലങ്ങളുടെയും ഒരു ജൈവ കവചം കേരള തീരത്തുണ്ടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത് തദ്ദേശ

സമൂഹത്തിന്റെ ക്രിയാത്മക ഇടപെടലുകളോടുകൂടിയ വിവിധ വകുപ്പുകളുടെ ഒരു പരിശ്രമമായിരിക്കുന്നതാണ്. ഇതിനുവേണ്ടിയുള്ള ഒരു പ്രത്യേക പദ്ധതിക്ക് കേരള പുനർനിർമ്മാണ വികസന പദ്ധതിയുടെ (RKDP) പിന്തുണയുണ്ടാകുന്നതാണ്.

165. മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷത്തിന്റെ ഫലമായുണ്ടാകുന്ന കഷ്ടതകൾ പരിഹരിക്കുന്നതിന് എന്റെ സർക്കാർ അങ്ങേയറ്റത്തെ മുൻഗണന നൽകുന്നതാണ്. മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം പരിഹരിക്കുന്നതിനുള്ള ഒരു പ്രത്യേക പദ്ധതിക്ക് പിന്തുണ നൽകുന്നതാണ്.

166. എന്റെ സർക്കാർ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ ചെറു നഗരവനങ്ങൾ വളർത്തിയെടുക്കുന്നതിനുള്ള ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കേരളത്തിലെ ഫോറസ്ട്രി ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായും പുന:സ്ഥാപിക്കുന്നതിനായും "മിഷൻ ഫോറസ്ട്രി ക്ലബ്സ് " മുഖാന്തരം ഒരു പദ്ധതി വനംവകുപ്പ് അടുത്തകാലത്തായി ആരംഭിച്ചിട്ടുണ്ട്.

167. പരിശുദ്ധമായ കാവുകളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും പ്രോത്സാഹനം നൽകുന്നതിലേയ്ക്കായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

## 28. പരിസ്ഥിതി

168. കാവുകൾ, കണ്ടൽക്കാടുകൾ, നദീതീരത്ത് കാണുന്ന സസ്യങ്ങൾ, വംശനാശം സംഭവിച്ചതും ഭീഷണി നേരിടുന്നതുമായ സസ്യങ്ങൾ എന്നിവയുടെ സംരക്ഷണത്തിനായുള്ള വിവിധ വിഷയങ്ങൾ കേന്ദ്രീകരിച്ചുള്ള ജൈവവൈവിദ്ധ്യ സംരക്ഷണ പദ്ധതികൾ കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ പുരോഗമിച്ചുവരികയാണ്. ജൈവവൈവിദ്ധ്യ പരിപാലന കമ്മിറ്റിയുമായി സഹകരിച്ച് 11 ജില്ലകളിൽ ജൈവവൈവിദ്ധ്യ പാർക്കുകൾ വികസിപ്പിച്ചുവരികയാണ്.

169. പാലക്കാട്ടും ആലപ്പുഴയിലും അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം തുടർച്ചയായി നിരീക്ഷിക്കുന്ന സ്റ്റേഷനും പാതാളം ബണ്ടിന് മുകൾഭാഗത്തായി ജലത്തിന്റെ ഗുണനിലവാരം ഓൺലൈനായി നിരീക്ഷിക്കുന്നതിനുള്ള സ്റ്റേഷനും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

170. സംസ്ഥാനത്തെ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിനുവേണ്ടി ആ രംഗത്ത് വൈദഗ്ധ്യമുള്ള മാനവവിഭവശേഷിയെ ഉൾപ്പെടുത്തിയും സംസ്ഥാന കാലാവസ്ഥാ വ്യതിയാന വിജ്ഞാന മാനേജ്മെന്റ് പോർട്ടൽ വികസിപ്പിച്ചുകൊണ്ടും സംസ്ഥാന കാലാവസ്ഥാ വ്യതിയാന സെല്ലിനെ (SCCC) ശക്തിപ്പെടുത്തുന്നതാണ്. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള ദേശീയ കർമ്മപദ്ധതിക്ക് (NAPCC) അനുസൃതമായി കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള സംസ്ഥാന കർമ്മപദ്ധതി (SAPCC) പരിഷ്കരിക്കുന്നതാണ്. ഏറ്റവും പുതിയ

തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനത്തിനും ഭേദഗതികൾക്കും അനുസൃതമായി തീരദേശ പരിപാലന പദ്ധതി പരിഷ്കരിക്കുന്നതാണ്.

## 29. ദുരന്തനിവാരണവും കാലാവസ്ഥാ വ്യതിയാനവും

171. എന്റെ സർക്കാർ, ദുരന്തങ്ങളെ അതിജീവിക്കുന്നതിനുള്ള സമൂഹത്തിന്റെശേഷി വർദ്ധിപ്പിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടത്തിയിട്ടുള്ളതും അതുവഴി ദുരന്ത സാധ്യത ലഘൂകരിച്ചിട്ടുള്ളതുമാണ്. അടിയന്തരഘട്ടങ്ങളിലും ദുരന്തനിവാരണ സമയങ്ങളിലും കോ-ഓപ്പറേറ്റീവ് ഗവേണൻസിനും ക്രോസ് ഏജൻസി സഹകരണത്തിനുംവേണ്ടി, ഐ.ടി. ആവശ്യങ്ങളെ പ്രത്യേകമായി അഭിസംബോധന ചെയ്യുന്നതിനായി, സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്ററിന്, നിലവിൽ, സംസ്ഥാനത്ത് ദുരന്തനിവാരണത്തിനായി, ഒരു കേന്ദ്രീകൃത ഓപ്പറേഷൻസ് കമാൻഡ് സെന്റർ സൊല്യൂഷൻ ഉണ്ട്. ജനങ്ങളെ ദുരന്തനിവാരണത്തിൽ ബോധവാന്മാരാക്കുന്നതിന് സംസ്ഥാനത്തുടനീളം ഒരു പ്രത്യേക പ്രചരണപരിപാടി സംഘടിപ്പിക്കുന്നതാണ്.

172. അഞ്ച് ജില്ലകളിലെ ലാൻഡ് യൂസ്/ലാൻഡ് കവർ മാപ്പും നാല് ജില്ലകൾക്കുവേണ്ടിയുള്ള തണ്ണീർത്തടവിവര സംവിധാനവും പൂർത്തിയാക്കുന്നതും പ്രകൃതി വിഭവങ്ങളുടെ പുതുക്കിയ വിവരശേഖരത്തോടുകൂടി വെബ് അടിസ്ഥാനത്തിലുള്ള LRIS നവീകരിക്കുന്നതുമാണ്.

173. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ (KSREC), സെർവർ ഇൻഫ്രാസ്ട്രക്ചർ നവീകരിക്കുന്നതും ഡിസാസ്റ്റർ ഡാറ്റാ റിക്കവറി സൊല്യൂഷൻ വികസിപ്പിക്കുന്നതും സാറ്റലൈറ്റ് ഇമേജ് അടിസ്ഥാനമാക്കി തണ്ണീർത്തട നെൽവയൽ പരിവർത്തനം കണ്ടെത്തൽ റിപ്പോർട്ട് ലഭ്യമാക്കുന്നതുമാണ്.

## 30. റീബിൽഡ് കേരള ഇനിഷ്യേറ്റീവ്

174. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI)-നുകീഴിൽ, 13 വകുപ്പുകളുടെ ആഭിമുഖ്യത്തിലുള്ള, 7823.43 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും ആയത് നടപ്പിലാക്കിവരുന്നതും 5410.95 കോടി രൂപയുടെ പദ്ധതികൾ ടെൻഡർ ചെയ്ത് നൽകിയിട്ടുള്ളതുമാണ്.

# VIII. മറ്റു മേഖലകൾ

## 31. ദേവസ്വം

175. എന്റെ സർക്കാർ, ശബരിമലയുടെ വികസനത്തിന് മുൻഗണന നൽകുന്നതും ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതുമാണ്. ശബരിമല തീർത്ഥാടകർക്കുള്ള സഹായ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയെന്ന നിലയിൽ മിഡ് വേ പിൽഗ്രിം ഷെൽട്ടേഴ്സ് (ഇടത്താവളങ്ങൾ) ശക്തിപ്പെടുത്തുന്നതാണ്.

176. എന്റെ സർക്കാർ, മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പ്രസിദ്ധമായ ക്ഷേത്രങ്ങളെ ബന്ധിപ്പിച്ച് ഒരു തീർത്ഥാടന ഇടനാഴി രൂപീകരിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ ആരംഭിച്ചിട്ടുണ്ട്.

## 32. സാംസ്കാരികം

177. എന്റെ സർക്കാർ, സംസ്ഥാനത്തെ പൊതുറിക്കാർഡുകളുടെ മാനേജ്മെന്റ്, ഭരണം, സംരക്ഷണം എന്നിവ നിയന്ത്രിക്കുന്നതിന് ഒരു പുതിയ നിയമനിർമ്മാണത്തിന് ഉദ്ദേശിക്കുന്നു. ജില്ലാ ഭരണകൂടങ്ങൾ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ, ജില്ലാ പൈതൃക കേന്ദ്രങ്ങൾ ആരംഭിച്ച് ആർക്കൈവൽ റിക്കാർഡുകളുടെ സംരക്ഷണം വികേന്ദ്രീകരിക്കുവാൻകൂടി ഉദ്ദേശിക്കുന്നു. വകുപ്പിന്റെ ആഭിമുഖ്യത്തിൽ, കേരളത്തിലെ വിവിധ സാംസ്കാരിക, പൈതൃക കേന്ദ്രങ്ങൾ സന്ദർശിക്കുന്ന ജനങ്ങൾക്കായി ഒരു സാംസ്കാരിക സർക്യൂട്ടും കേരളത്തിന്റെ പാരമ്പര്യം പ്രദർശിപ്പിക്കുന്നതിനായി ഒരു സാംസ്കാരിക പൈതൃക ഗ്രാമവും ഇതുമായി ബന്ധപ്പെട്ട മറ്റ് നാല് പ്രത്യേക സംരംഭങ്ങളും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

## 33. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ്

178. മഹാമാരിയുടെ കാലത്ത് എല്ലാ കുടുംബങ്ങൾക്കും സൗജന്യ ഭക്ഷ്യ കിറ്റ് നൽകിക്കൊണ്ട് വിശപ്പ് രഹിതമാക്കി സംസ്ഥാനത്തെ നിലനിർത്തുന്നതിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് ഒരു പ്രധാന

പങ്കുവഹിച്ചിട്ടുണ്ട്. സപ്ലൈകോയുടെ ഫലപ്രദമായ വിപണി ഇടപെടലിലൂടെ പച്ചക്കറികളും ഭക്ഷ്യധാന്യങ്ങളും പയറുവർഗ്ഗങ്ങളും ഉൾപ്പെടെയുള്ള അവശ്യവസ്തുക്കളുടെ വില നിയന്ത്രിച്ചു.

179. കേരളത്തിലുടനീളം 83 താലൂക്കുതല ഗോഡൗണുകൾ നിർമ്മിക്കുവാനുദ്ദേശിച്ചിട്ടുള്ളതും അതുവഴി, അത്തരം കേന്ദ്രങ്ങളിൽ, ഒരുമാസത്തെ റേഷൻ ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കുവാൻ കഴിയുന്നതുമാണ്. ഭക്ഷ്യധാന്യങ്ങളുടെ കൃത്യമായ വിതരണം നിരീക്ഷിക്കുന്നതിനും ഉറപ്പാക്കുന്നതിനും കാലതാമസവും വഴിമാറ്റവും വരുത്തുന്നതിനെതിരായ സംരക്ഷണത്തിനായും എല്ലാ 209 NFSA ഗോഡൗണുകളിലും VTFMS, CCTV നിരീക്ഷണം നടപ്പിലാക്കുന്നതിനുകൂടി ഉദ്ദേശിക്കുന്നു.

180. എന്റെ സർക്കാർ, 2021 നവംബർ മാസം 2-ാം തീയതി മുതൽ, എ.ടി.എം. കാർഡിന്റെ വലിപ്പത്തിലുള്ള ഒരു പി.വി.സി. റേഷൻ കാർഡ് അവതരിപ്പിച്ചിട്ടുണ്ട്. 5000/- രൂപ വരെയുള്ള ബാങ്കിംഗ് സേവനങ്ങൾ നൽകുവാനും ന്യായവില ഷോപ്പുകൾവഴി എല്ലാ യൂട്ടിലിറ്റി ബില്ലുകളും അടയ്ക്കുവാനും ഈ രംഗത്തെ ബാങ്കർമാരുടെ സേവനം ഉൾപ്പെടുത്തിക്കൊണ്ട് ഉദ്ദേശിക്കുന്നു.

181. കർഷകർക്ക് നെല്ലിന് ഇന്ത്യയിലുള്ള ഏറ്റവും ഉയർന്ന സംഭരണ വില അതായത്, കിലോയ്ക്ക് 28 രൂപ നിരക്ക് ഈ സീസണിൽ സംസ്ഥാനത്ത് നിലവിലുണ്ട്. സപ്ലൈകോ, മത്സ്യഫെഡ്,

ഹോർട്ടികോർപ്പ്, കെപ്‌കോ എന്നിവ വിപണനം ചെയ്യുന്ന ഉല്പന്നങ്ങളുടെ വില്പനയ്ക്കായി ഒരു സംയോജിത ഓൺലൈൻ വിതരണ സംവിധാനം സപ്ലൈകോയുടെ നേതൃത്വത്തിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

182. സപ്ലൈകോയിൽ, സ്റ്റോക്കിന്റെ സ്ഥിതി, വേഗത്തിൽ അല്ലെങ്കിൽ മന്ദഗതിയിൽ വിറ്റുപോകുന്ന സാധനങ്ങളുടെ വിവരങ്ങൾ, ഔട്ട്‌ലെറ്റ്, കാഷ് ബാലൻസ് തുടങ്ങിയവ അറിയുന്നതിനായി ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന, ഒരു എന്റർപ്രൈസ് റിസോഴ്സ് മാനേജ്മെന്റ് സൊലൂഷൻ സ്ഥാപിക്കുന്നതാണ്.

## 34. ആഭ്യന്തര വകുപ്പ്

183. എന്റെ സർക്കാർ, പോലീസ് സംവിധാനത്തിൽ ആധുനിക സാങ്കേതികവിദ്യ സ്വീകരിക്കുന്നതിൽ അതീവ പ്രതിജ്ഞാബദ്ധത പുലർത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി, തിരുവനന്തപുരത്ത് ഡ്രോൺ ഫോറൻസിക് ലബോറട്ടറി നമ്മൾ സ്ഥാപിച്ചിട്ടുണ്ട്. എല്ലാ റവന്യൂ ജില്ലകളിലും ജില്ലാ ഫോറൻസിക് സയൻസ് ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്.

184. കേരള പോലീസിന്റെ പ്രത്യേക സംരംഭങ്ങളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നതാണ്:

i. തിരുവനന്തപുരത്ത് ഇന്ത്യയിലെ ആദ്യത്തെ ഡ്രോൺ റിസർച്ച് ആൻഡ്

ഫോറൻസിക് സെന്റർ ശക്തിപ്പെടുത്തുന്നതും ദുരന്തനിവാരണം, പോലീസ് പട്രോളിംഗ്, വി.ഐ.പി. സുരക്ഷ, സർവൈലൻസ് എന്നിവയ്ക്കായി ഉപയോഗിക്കാവുന്ന വിവിധ ശേഷികളിലുള്ള ഡ്രോണുകൾ വികസിപ്പിക്കുന്നതുമാണ്. ശത്രു ഡ്രോണുകളെ കൈകാര്യം ചെയ്യുന്നതിനായി ഒരു മൊബൈൽ ആന്റി ഡ്രോൺ സൗകര്യംകൂടി ഈ കേന്ദ്രത്തിൽ സ്ഥാപിക്കുന്നതാണ്.

ii. ഡിജിറ്റൽ അഡിക്ഷനുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടനുഭവിക്കുന്ന എല്ലാ വിദ്യാർത്ഥികളെയും ആളുകളെയും ഫലപ്രദമായി കൗൺസിലിംഗ് ചെയ്യുന്നതിനുവേണ്ടി നാല് പോലീസ് റേഞ്ചുകളിൽ ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്റർ സ്ഥാപിക്കുന്നതാണ്.

iii. ട്രാഫിക് പരിശോധനകൾക്കായി വാഹനങ്ങളൊന്നും നിർത്തിയിടുന്നില്ലെന്ന് ഉറപ്പുവരുത്തുന്ന സമ്പൂർണ്ണ സംയോജിത ഡിജിറ്റൽ എൻഫോഴ്സ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതും "ട്രാഫിക് ചെക്കിംഗ് ടു ഫൈൻ പേമെന്റ്" സംസ്ഥാനത്തുടനീളം ഡിജിറ്റൽ ആക്കുന്നതുമാണ്.

185. തവനൂരിലെ സെൻട്രൽ പ്രിസണിന്റെ നിർമ്മാണം പൂർത്തീകരണത്തിലേയ്ക്ക് അടുക്കുകയാണ്, ഇത് കേരള സംസ്ഥാന രൂപീകരണത്തിനുശേഷമുള്ള ആദ്യത്തെ സെൻട്രൽ പ്രിസൺ ആയിരിക്കുന്നതാണ്.

186. ദുരന്തങ്ങളുടെയും കോവിഡ്-19 മഹാമാരിയുടെയും നാളുകളിൽ നമ്മുടെ അഗ്നി-രക്ഷാ സേവന വകുപ്പ് മുൻപന്തിയിലായിരുന്നു എന്നത് അഭിമാനാർഹമാണ്. വകുപ്പിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന്, 2021-ൽ അഞ്ച് പുതിയ അഗ്നി-രക്ഷാ സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. കണ്ണൂരിൽ ഫയർ സേഫ്റ്റി സയൻസ് പോസ്റ്റ് ഗ്രാജുവേറ്റ് റിസർച്ച് സെന്റർ ആരംഭിക്കുന്നതിനുകൂടി അനുമതി നൽകിയിട്ടുണ്ട്.

187. ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്ന കേസുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാനത്തിന്റെ പ്രതിജ്ഞാബദ്ധതയുടെ പ്രതീകമായി, വിവിധ സവിശേഷതകളുള്ള ഒരു ഇൻ-ഹൗസ് കേസ് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ ആയി കേസ് മാനേജ്മെന്റ് സിസ്റ്റം വികസിപ്പിച്ചെടുത്തിട്ടുണ്ട്. ജുഡീഷ്യറിയിൽ, ഇ-ഗവേണൻസ് പ്രോജക്ടിന്റെ ഭാഗമായി, കേരള ഹൈക്കോടതിയിൽ ഒരു ഡാറ്റാ സെന്റർ സ്ഥാപിക്കുവാനും റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്യുവാനും സംരക്ഷിക്കുവാനും ഉദ്ദേശിക്കുന്നു.

188. 28 ഫാസ്റ്റ്ട്രാക്ക് സ്പെഷ്യൽ കോടതികളിൽ, 14 എണ്ണം പ്രത്യേക പോക്സോ (POCSO) കോടതികളായി ഈ സാമ്പത്തികവർഷത്തിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

189. എന്റെ സർക്കാർ, ഏതുതരം വിപത്തും നേരിടുവാൻ കഴിവുള്ള, എയർഫോഴ്സ്/നേവി എന്നിവയ്ക്ക് നൽകുന്നതിന് സമാനമായുള്ള പരിശീലനം നൽകിക്കൊണ്ട് കേരളത്തിന്റെ സ്വന്തം "സ്പെഷ്യലി

ട്രെയിൻഡ് ബ്രേവ് ബ്രിഗേഡ്" രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

190. സംസ്ഥാനത്തിന്റെ ഔദ്യോഗിക ഭാഷയായ മലയാളത്തിൽ കേരള പോലീസ് മാനുവൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## 35. നിയമ വകുപ്പ്

191. കോവിഡ്-19 മഹാമാരി കാരണം, 14-ാം കേരള നിയമസഭയുടെ വിവിധ സമ്മേളനങ്ങൾ ചേരാൻ കഴിയാതെ വരികയും അതുകാരണം സർക്കാരിന് വിവിധ സന്ദർഭങ്ങളിലായി 45 ഓർഡിനൻസുകൾ പുറപ്പെടുവിക്കേണ്ടതായും വന്നു. പ്രസ്തുത ഓർഡിനൻസുകൾക്ക് പകരം സംസ്ഥാന നിയമസഭയുടെ ആക്ടുകൾ കൊണ്ടുവരുന്നതിന് ഊന്നൽ കൊടുത്തുകൊണ്ട് 15-ാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം ബില്ലുകൾ പാസ്സാക്കുന്നതിനായി പ്രത്യേകം വിളിച്ചുചേർക്കുകയും 34 നിയമങ്ങൾ പാസ്സാക്കുകയും ചെയ്തു.

## 36. പ്രവാസി കേരളീയകാര്യ വകുപ്പ്

192. കോവിഡ്-19 മഹാമാരിയുടെ കാലത്ത് ഏകദേശം 1.75 ദശലക്ഷം പ്രവാസികൾ കേരളത്തിലേയ്ക്ക് മടങ്ങിവന്നു. അവരിൽ ഏകദേശം 70 ശതമാനവും ജോലി നഷ്ടപ്പെട്ടതുകാരണം മടങ്ങിവരാൻ നിർബന്ധിതരായവരാണ്. മടങ്ങിയെത്തിയവർക്ക് സുസ്ഥിരമായ ഉപജീവന അവസരം നൽകുന്നതിന് ലക്ഷ്യമിട്ട്, നാനോ-ചെറുകിട-

സൂക്ഷ്മ സംരംഭങ്ങൾ തുടങ്ങുവാൻ അവരെ സഹായിക്കുവാനായി നോർക്ക "റീഹാബിലിറ്റേഷൻ, റീ-ഇന്റഗ്രേഷൻ ആൻഡ് കോ-ഓർഡിനേഷൻ ഓഫ് NRKS- പ്രവാസി ഭദ്രത" എന്നൊരു പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ട്.

193. ട്രിപ്പിൾ വിൻ പരിപാടിയുടെ ഭാഗമായി, ജർമ്മനിയിലേയ്ക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിനുവേണ്ടി, സംസ്ഥാനം നടത്തുന്ന വിദേശത്തേയ്ക്കുള്ള റിക്രൂട്ട്മെന്റ് ഏജൻസിയായിട്ടുള്ള നോർക്ക റൂട്ട്സ്, ജർമ്മൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസിയുമായി ധാരാണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ഇത് കോവിഡാനന്തര സാഹചര്യത്തിൽ ജർമ്മൻ ആരോഗ്യ പരിരക്ഷാ മേഖലയിൽ സംസ്ഥാനത്തുനിന്നുള്ള 10,000-ത്തിലധികം നഴ്സുമാർക്ക് തൊഴിലവസരങ്ങൾ തുറന്നുകൊടുത്തിട്ടുണ്ട്.

## 37. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്

194. സർക്കാരിന്, സങ്കീർണ്ണമായ പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുന്നതിനും സമയബന്ധിതമായി ഇൻപുട്ട് നൽകുന്നതിനുംവേണ്ടി ഐ.എം.ജി.-യിൽ ഗുഡ് ഗവേർണൻസിനുള്ള ഒരു സെന്റർ ആരംഭിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ വിവിധ വകുപ്പുകൾക്കുവേണ്ടി മുൻനിരയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ കാര്യക്ഷമതാ ചട്ടക്കൂട് വികസിപ്പിക്കുന്നതിന് ഒരു ഡി.എ.ആർ.പി.ജി. മാർഗ്ഗദർശി പഠനവും പ്രോഗ്രാമുകളുടെ ഫലപ്രാപ്തിയുടെ വിലയിരുത്തലും പരിശീലനത്തിന്റെ ഫലപ്രാപ്തിയെ ബാധിക്കുന്ന ഘടകങ്ങളുടെ ഡോക്യുമെന്റേഷൻ

വഴിയുള്ള സേവനം പ്രദാനം ചെയ്യലും പരിശീലനത്തിന്റെയും താമസ സൗകര്യങ്ങളുടെയും നവീകരണവും ഐ.എം.ജി.-യിൽ അടുത്ത വർഷത്തേയ്ക്ക് ആസൂത്രണം ചെയ്തിട്ടുണ്ട്.

## 38. ആസൂത്രണവും സാമ്പത്തികശാസ്ത്രവും സ്ഥിതിവിവര കണക്കുകളും

195. 2016 മുതൽ 2020 വരെയുള്ള വർഷങ്ങൾക്ക് ഊന്നൽ നൽകി സംസ്ഥാന ആസൂത്രണ ബോർഡ്, കേരളത്തിലെ സാമ്പത്തിക നയത്തിന്റെയും വികസനത്തിന്റെയും പ്രധാന സവിശേഷതകൾ വിശകലനം ചെയ്യുന്ന “ കേരള ഡെവലപ്മെന്റ് റിപ്പോർട്ട്, ഇനിഷ്യേറ്റീവ്സ്, അച്ചീവ്മെന്റ്സ് ആൻഡ് ചലഞ്ചസ്"- പ്രസിദ്ധീകരിച്ചിട്ടുണ്ട്.

196. വളർന്നുവരുന്ന സാങ്കേതികവിദ്യകളിൽ സ്റ്റാർട്ടപ്പുകൾക്കുള്ള ക്രൗഡ് സോഴ്സിംഗ് പ്ലാറ്റ്ഫോമായ "ഇന്നൊവേഷൻ ഫോർ ഗവൺമെന്റ് (i4G)” , സർക്കാർ വകുപ്പുകളിലെയും ഏജൻസികളിലെയും ജീവനക്കാർക്കുള്ള പ്രത്യേക പ്ലാറ്റ്ഫോമായ “ വൺ ഡിപ്പാർട്ടുമെന്റ് - വൺ ഐഡിയ – 2021” എന്നിവ സ്ഥാപിക്കുന്നതിന് കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (KDISC) ഉത്തരവാദപ്പെട്ടിരിക്കുന്നു. പത്ത് സംസ്ഥാന ഇന്നൊവേഷൻ ഹബ്ബുകളും അഞ്ച് ജില്ലാ ഇന്നൊവേഷൻ ഹബ്ബുകളും നവീകരണത്തിനുള്ള ഒരു ക്രൗഡ് സോഴ്സിംഗ് പ്ലാറ്റ്ഫോമും ഇന്നൊവേഷൻ ഫെല്ലോകളെ പരിശീലിപ്പിക്കുന്നതിനും

നിലനിർത്തുന്നതിനുമുള്ള ഒരു പ്രോഗ്രാമുംകൂടി ആസൂത്രണം ചെയ്തിട്ടുണ്ട്.

197. എന്റെ സർക്കാർ, പ്രവാസികൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ, സർക്കാർ ശ്രമങ്ങൾ എത്രത്തോളം അഭിസംബോധന ചെയ്തുവെന്ന് പഠിക്കുവാനും കോവിഡുമൂലം മടങ്ങാൻ കഴിയാത്ത പ്രവാസികളുടെ സാമൂഹികവും സാമ്പത്തികവുമായ അവസ്ഥ പഠിക്കുവാനും ഉദ്ദേശിക്കുന്നു.

## 39. രജിസ്ട്രേഷൻ

198. എന്റെ സർക്കാർ സാമ്പത്തിക കരാറുകൾക്കുള്ള ഡിജിറ്റൽ ഡോക്യുമെന്റ് എക്സിക്യൂഷൻ പ്ലാറ്റ്ഫോം വിജയകരമായി വികസിപ്പിച്ചെടുത്തു. വരുംവർഷം ഒരു ലക്ഷത്തിനുതാഴെ ഇ-സ്റ്റാമ്പിംഗും ഇ-സർട്ടിഫൈഡ് പകർപ്പുകൾ നൽകലും നടപ്പിലാക്കുകയും ഇ-രജിസ്ട്രേഷനും ഇ-ഫയലിംഗിനും ആവശ്യമായ ചട്ടങ്ങൾ രൂപപ്പെടുത്തുകയും ചെയ്യുന്നതാണ്.

## 40. ലാൻഡ് റവന്യൂ

199. എല്ലാ ഭൂവുടമകൾക്കും വ്യക്തവും ആധികാരികവുമായ അവകാശരേഖ എന്ന ലക്ഷ്യംവച്ചുകൊണ്ട് നാല് വർഷത്തിനകം ഡിജിറ്റൽ റീ-സർവ്വേ പ്രോജക്ട് പൂർത്തിയാക്കുവാനാണ് എന്റെ സർക്കാർ ലക്ഷ്യമിടുന്നത്. ആയതിലേയ്ക്കായി റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ കീഴിൽ ആദ്യഘട്ടമായി 339.438 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

200. സംസ്ഥാനത്തെ ഭൂരഹിതരായതും അർഹരായവരുമായ എല്ലാ ജനങ്ങൾക്കും എന്റെ സർക്കാർ പട്ടയം നൽകുവാൻ ഉദ്ദേശിക്കുന്നു.

201. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒന്നിൽക്കൂടുതൽ സർവ്വേ നമ്പരുകളിലും " തണ്ടപ്പേർ" നമ്പരുകളിലും ഭൂമി കൈവശംവച്ചിട്ടുള്ള എല്ലാ ഭൂവുടമകൾക്കും ഒരു യൂണിക് ഐഡന്റിഫിക്കേഷൻ നമ്പർ ലഭ്യമാക്കുവാനായി യൂണിക് " തണ്ടപ്പേർ" സിസ്റ്റം കേരള സംസ്ഥാനത്ത് നടപ്പിലാക്കും.

202. തീർപ്പുകൽപ്പിക്കാത്ത എല്ലാ ഭൂ വിഷയങ്ങളും ദൗത്യമായി ഏറ്റെടുത്ത് എന്റെ സർക്കാർ പരിഹരിക്കും. സുതാര്യവും കാര്യക്ഷമവും പൗരസൗഹൃദവുമായ ഒരു പുതിയ തൊഴിൽ സംസ്കാരം പ്രോത്സാഹിപ്പിക്കുവാനായി, വില്ലേജ് ഓഫീസുകളുടെയും താലൂക്ക് ഓഫീസുകളുടെയും സിവിൽസ്റ്റേഷനുകളുടെയും അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുമായി എന്റെ സർക്കാർ പ്രവർത്തനം തുടരുകയും ഒരു പുതിയ കുതിപ്പ് നടത്തുകയും ചെയ്യും.

203. സംസ്ഥാനത്തെ നെൽവയലുകൾ സംരക്ഷിക്കുന്നതിനായി 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് കർശനമായി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കും. നിയമവിരുദ്ധമായി കൈവശംവച്ചിട്ടുള്ള സർക്കാർ ഭൂമി വീണ്ടെടുക്കുവാനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തിക്കൊണ്ട് കയ്യേറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സർക്കാർ കൈക്കൊള്ളും.

204. ഇൻസ്റ്റിട്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റിനെ (ILDM) ഒരു മികവിന്റെ കേന്ദ്രമാക്കി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. അതിനായി റവന്യൂ ഇൻഫർമേഷൻ ബ്യൂറോ (RIB) എന്നൊരു പുതിയ സംരംഭത്തിന് തുടക്കമിടുന്നതാണ്.

205. പരിസ്ഥിതിക്ക് ദോഷം വരുത്താതെ നദികളിൽനിന്നും മണൽ വിഭവങ്ങളുടെ സ്ഥിരമായ നീക്കം ചെയ്യൽ ഉറപ്പുവരുത്താനായി സംസ്ഥാനത്ത് ആദ്യമായി 10 ജില്ലകൾക്ക് ജില്ലാ സർവ്വേ റിപ്പോർട്ട് തയ്യാറാക്കും.

## 41. കായിക യുവജനകാര്യ വകുപ്പ്

206. വിവിധോദ്ദേശ്യ ജില്ല സ്പോർട്സ് കോംപ്ലക്സുകൾ നടപ്പിൽ വരുത്തിയും സൈക്ലിംഗിനെ പ്രോത്സാഹിപ്പിച്ചും പ്ലേ ഫോർ ഹെൽത്ത് പദ്ധതിയെ ശക്തിപ്പെടുത്തിയും റെസിഡൻഷ്യൽ സ്പോർട്സ് സ്കൂളുകൾ മുതലായവ സ്ഥാപിച്ചുകൊണ്ടും ഒരു പുതിയ സ്പോർട്സ് സംസ്കാരം എന്റെ സർക്കാർ ഉറപ്പുവരുത്തും.

207. തിരുവനന്തപുരം ജി.വി. രാജ സ്പോർട്സ് സ്കൂളിലും പെൺകുട്ടികൾക്കായുള്ള കണ്ണൂർ സ്പോർട്സ് സ്കൂളിലും സ്പോർട്സ് കേരള എലൈറ്റ് റസിഡൻഷ്യൽ ഫുട്ബോൾ അക്കാഡമികൾ ഉദ്ഘാടനം ചെയ്തു.

208. യുവജനങ്ങൾക്കുവേണ്ടി ഒരു ടോൾ ഫ്രീ നമ്പരോടുകൂടിയ ഒരു

സൗജന്യ ലീഗൽ ഗൈഡൻസ് സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സ്ത്രീധനത്തിനും ലഹരി ഉപയോഗത്തിനും അങ്ങനെയുള്ള സാമൂഹ്യ തിന്മകൾക്കുമെതിരെയുള്ള ബോധവൽക്കരണ പ്രചരണ പരിപാടികൾക്ക് ജില്ലാതലത്തിലുംകൂടി പദ്ധതിയിട്ടിട്ടുണ്ട്.

## 42. വിജിലൻസ് വകുപ്പ്

209. സർക്കാർ നയമായ "അഴിമതിയോട് സീറോ ടോളറൻസ് " -നെ പിന്തുണയ്ക്കുവാൻ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ നിരവധി നൂതന നടപടികൾക്ക് തുടക്കമിട്ടിട്ടുണ്ട്. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, 2020-2021 കാലയളവിൽ, ഇടുക്കി, പാലക്കാട്, കണ്ണൂർ ജില്ലകളിൽ പുതിയ ഓഫീസ് കെട്ടിടങ്ങളും ഭരണ സംവിധാനത്തിന്റെ ഡിജിറ്റൈസേഷനും പൂർത്തിയാക്കുകയും വിജിലൻസ് ആസ്ഥാനത്ത് സൈബർ സെൽ സ്ഥാപിക്കുകയും ചെയ്തു.

## 43. ഉപസംഹാരം

210. ജനങ്ങൾക്ക് നീതി ലഭ്യമാക്കുന്നതിന് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഒത്തൊരുമയോടെ കൂടിച്ചേർന്ന് പ്രവർത്തിക്കണമെന്നാണ് ഫെഡറൽ ഘടന അഭിലഷിക്കുന്നത്. വിഷമതകളുടെ ഈ കാലത്ത് സഹകരണ ഫെഡറലിസത്തിന്റെ തത്ത്വങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സമന്വയത്തിന്റെയും പരിഹാരത്തിന്റെയും മേഖലകൾ കണ്ടെത്തുവാൻ ഇത് നമുക്ക്

പ്രേരകമാകും.

211. എല്ലാ പൗരൻമാരുടെയും ക്ഷേമത്തിന് പ്രഥമ പരിഗണന നൽകാത്ത ഒരു ഭരണകൂടത്തിനും അതിജീവിക്കുവാൻ അർഹതയില്ല. ക്ഷേമലക്ഷ്യങ്ങൾ കൈവരിക്കുവാനായി, പ്രത്യേകിച്ച് മുഖ്യധാരയിലില്ലാത്ത ആളുകളുടെ - പാർശ്വവൽക്കരിക്കപ്പെട്ട സമൂഹം, ന്യൂനപക്ഷങ്ങൾ, ജൻഡേഴ്സ്, പ്രത്യേക പരിഗണന അർഹിക്കുന്നവർ, വൈകല്യങ്ങളുള്ള ആളുകൾ എന്നിവരെ ഭരണകൂടം ബോധപൂർവ്വം ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്. ഈ പാഠങ്ങളാണ് കോവിഡ് നമ്മെ പഠിപ്പിക്കുന്നത്. ഒരാളുടെ ക്ഷേമം നമ്മുടെ എല്ലാവരുടെയും ക്ഷേമമാണെന്ന് ഇത് നമ്മെ പഠിപ്പിക്കുന്നു. അനിശ്ചിതവും അസ്ഥിരവുമായ കാലങ്ങളെ അതിജീവിക്കുവാൻ നമ്മൾ ഒരുമിച്ച് പ്രവർത്തിക്കണമെന്നും എല്ലാവർക്കുംവേണ്ടി പ്രവർത്തിക്കണമെന്നും ഇത് നമ്മെ പഠിപ്പിക്കുന്നു. ആഗോള സാഹചര്യത്തെയും ഈ വിനാശകരമായ അനുഭവം ബാധിച്ചിട്ടുണ്ട്. വെല്ലുവിളി നിറഞ്ഞ കാലത്ത് നമ്മളിലുള്ള ഏറ്റവും മികച്ചതിനെ, നവീകരണത്തിലൂടെയും ഉത്സാഹത്തോടെയുള്ള അശ്രാന്തപരിശ്രമത്തിലൂടെയും അതിജീവനത്തിലൂടെയും പുറത്തെടുക്കുന്നു. പ്രതികരണാത്മകവും ഉത്തരവാദിത്വപൂർണ്ണവുമായ ഭരണം എന്ന ലക്ഷ്യത്തിൽ നിരവധി മാതൃകകൾ വികസിപ്പിച്ചെടുത്ത കേരള സംസ്ഥാനം, ഭാവിയിൽ രാജ്യത്തിനും ലോകത്തിനും ഒരു വഴികാട്ടിയും പ്രചോദനവുമായി

തുടരും.

212. നവകേരളം കർമ്മ പദ്ധതി ഈ ആശയങ്ങളിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാനത്തിന്റെ വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം, പ്രകൃതിവിഭവ പരിപാലനം എന്നിവയിലെ നേട്ടങ്ങളെ പുതിയ ഉയരങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നതിൽ സാരമായ സ്വാധീനമുണ്ടാക്കും. വർദ്ധിച്ച തൊഴിലവസരങ്ങളിലൂടെയും മെച്ചപ്പെട്ട ഉൽപ്പാദനത്തിലൂടെയും സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിലും പൗരകേന്ദ്രീകൃതവും കാര്യക്ഷമവുമായ ഡിജിറ്റൽ ഭരണം കൊണ്ടുവരുന്നതിലും വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേയ്ക്ക്, പ്രത്യേകിച്ച് അത്യാധുനിക വിഷയങ്ങളിൽ, ശക്തമായ കുതിപ്പ് നടത്തുവാനും ഊർജ്ജസ്വലവും മാറ്റങ്ങളുൾക്കൊള്ളുവാൻ കഴിയുന്നതുമായ ഒരു കേരളത്തിന്റെ സുസ്ഥിരമായ വികസന ലക്ഷ്യങ്ങൾ തുടർന്നും കൈവരിക്കുന്നതിനുമാണ് എന്റെ സർക്കാർ ശ്രദ്ധകേന്ദ്രീകരിക്കുന്നത് എന്നതാണ് ഉപസംഹാരമായി ഒന്നുകൂടി ഉയർത്തിക്കാട്ടുവാൻ ഞാൻ ആഗ്രഹിക്കുന്നത്.

**ജയ് ഹിന്ദ്**

**********